നിയമസംസ്കാരകേന്ദ്രത്തിന്റെ

# ജനനീതി

176

ഡിസംബർ 2011

10.00 ക.



ജപ്പാനിൽ ഭൂകമ്പത്തിൽ തകർന്ന അണുനിലയം

# പെൺകേസിനെ ചൊല്ലി ഒരു നയതന്ത്രത്തകർച്ച

വത്തിക്കാനിലെ തങ്ങളുടെ എമ്പസി അടച്ചു പൂട്ടാൻ അയർലാൻഡ് തീരുമാനിച്ചു. എമ്പസി നടത്താൻ കാശില്ല എന്നാണ് അയർലാൻഡ് പറയുന്നത്. വത്തിക്കാനെ ഇത് അമ്പരപ്പിച്ചുവെന്നല്ല, വല്ലാതെ ക്ഷോഭിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അയർലാൻഡിന്റെ മാതൃക പിൻതുടർന്ന് പല രാജ്യങ്ങളും അവരുടെ എമ്പസി പൂട്ടുമെന്ന് വത്തിക്കാൻ ഭയപ്പെടുന്നു.

യഥാർത്ഥത്തിൽ കേസ് ഇതൊന്നുമല്ല ഐറിഷ് വൈദികരുടെ സംരക്ഷണത്തിൽ വരുന്ന പ്രായപൂർത്തിയാകാത്ത കുട്ടികളെ ലൈംഗിക കേളീവിലാസങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെന്നതാണ് കേസ്. എത്രതന്നെ പരാതിപ്പെട്ടാലും വത്തിക്കാൻ എല്ലാം മൂടിവയ്ക്കുന്നുവെന്നാണ് പരാതി. ഇത് പൊറുക്കാനാകാത്ത സ്ഥിതിയിലെത്തിയതിനെത്തുടർന്നാണ് തനി കത്തോലിക്കാ രാജ്യമായ അയർലാൻഡ് കത്തോലിക്കാ സഭയുമായുള്ള ബന്ധം വേർപെടുത്തിയിരിക്കുന്നത്. ഔദ്യോഗികമായ ഒരന്വേഷണം നടത്തുന്നതിനെപ്പോലും വത്തിക്കാൻ എതിർക്കുന്നു.

കത്തോലിക്ക സഭയുടെ ഒരു മുഖ്യ ഘടകമാണ് ഐറിഷ് കത്തോലിക്ക സഭ. ഗർഭമലസിക്കുന്നതിനെ ഇന്നും നിരോധിച്ചു വരുന്ന രാജ്യമാണത്. വിവാഹ മോചനത്തിന്ന് മറ്റു രാജ്യങ്ങളെല്ലാം അനുമതി നൽകിയപ്പോൾ അയർലൻഡ് അതിനെ എതിർത്തുപോന്നു. 1995 ൽ മാത്രമേ അയർലൻഡിൽ വിവാഹ മോചനം അനുവദനീയമായുള്ളൂ. അങ്ങനെയുള്ള ഒരു യാഥാസ്ഥിതിക കത്തോലിക്ക രാജ്യമാണ് ഇപ്പോൾ വത്തിക്കാന്നെതിരെ പടപുറപ്പാട് നടത്തിയിരിക്കുന്നത്.



**സെന്റ് പീറ്റേഴ്സ് ബസിലിക്ക** - മാർപ്പാപ്പമാരുടെ പള്ളി - ലോകത്തിലെ ഏറ്റവും വലിയ പള്ളികളിലൊന്ന്. വിശുദ്ധ പത്രോസിന്റെ ശ്മശാനത്തിന്നു മേൽ നിർമ്മിക്കപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്നു.

1929 ൽ മുസോളിനിയുമായുണ്ടാക്കിയ കരാർ പ്രകാരം വത്തിക്കാൻ അന്താരാഷ്ട്ര അംഗീകാരമുള്ള ഒരു "രാഷ്ട്ര"മാണ്. ആകെ 108 ഏക്കർ വിസ്തീർണമേയുള്ളൂ. എങ്കിലും ഇന്ത്യയടക്കം എല്ലാ രാജ്യങ്ങൾക്കും അവിടെ എമ്പസികളുണ്ട്. ആദ്യം വിസ്തീർണമേറിയ ഒരു രാജ്യമായിരുന്ന ഇറ്റലി വത്തിക്കാന് നൽകിയ നഷ്ടപരിഹാരമാണ് 108 ഏക്കർ. ഇന്ത്യയെപ്പോലെ പല രാജ്യങ്ങൾ ഉൾപ്പെട്ടതായിരുന്നു ഇറ്റലി. 1860ൽ അതെല്ലാം ചേർത്ത് ഇറ്റലി രൂപീകരിച്ചു. അപ്പോൾ മാർപ്പാപ്പക്ക് കിട്ടിയ നഷ്ടപരിഹാരമാണ് 108 ഏക്കർ വരുന്ന വത്തിക്കാൻ. ❑




ജനനീതി

ഡിസംബർ 2011

176

പത്രാധിപർ:

ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:

കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
വി.കെ. ഷറഫുദ്ദീൻ
ജോർജ്ജ് പുലികുത്തിയിൽ

**ജനനീതി**
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

## മനുഷ്യജീവൻകൊണ്ട് കുട്ടിക്കളി നടത്താൻ അനുവദിക്കരുത്

മുൻ രാഷ്ട്രപതി അബ്ദുൾ കലാം ഒരു സാങ്കേതിക വിദ്ഗ്ധനാണ്. ഇന്ത്യയുടെ റോക്കറ്റ് വിക്ഷേപണം തുടങ്ങിവച്ചത് അദ്ദേഹമാണെന്നു പറയാം. അതുകൊണ്ടുതന്നെ അദ്ദേഹം സർവ്വാദരണീയനുമാണ്. പക്ഷെ മനുഷ്യ ജീവൻകൊണ്ട് കുട്ടിക്കളി നടത്താമെന്നു അദ്ദേഹം പറഞ്ഞാലും സ്വീകരിക്കാനാവില്ല.

തെക്കൻ തമിഴ്നാട്ടിൽ, കേരളത്തിന്റെ അതിർത്തിക്കടുത്തുള്ള കൂടൻകുളത്ത് റഷ്യൻ സഹായത്തോടെ ഒരു അണുവൈദ്യുത നിലയം നിർമ്മിച്ചു വരുന്നുണ്ട്. പണിയാരംഭിച്ചിട്ട് കാലം കുറച്ചായി. അവിടെ അണുവൈദ്യുതോല്പാദനം തുടങ്ങാൻ ഇനി അല്പകാലമേ വേണ്ടൂ. ആ പ്രദേശത്തെ ജനങ്ങളെല്ലാം ഈ പദ്ധതിക്കെതിരാണ്. തമിഴ്നാട്ടിലെ ജയലളിതാ ഗവർമ്മേണ്ടും ഈ പദ്ധതിയുടെ പണി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുന്നു. ചുരുക്കി പറഞ്ഞാൽ കേന്ദ്ര ഗവർമ്മേണ്ടിന്നു മാത്രമേ ഈ പദ്ധതിയുടെ നിർമ്മാണം മുന്നോട്ടു കൊണ്ടുപോകണമെന്ന് വാശിയുള്ളൂ. കാരണം? സാമ്പത്തിക പുരോഗതി നേടണമെങ്കിൽ ഊർജ്ജം വേണം. ജലവൈദ്യുതിയാണ് ഏറ്റവും ലാഭകരം. പക്ഷെ ജനങ്ങൾ ബഹളം കൂട്ടും. പിന്നെ കൽക്കരിയുണ്ട്. അത് അന്തീക്ഷ മലിനീകരണത്തിന്നിടയാക്കും. പ്രമാണിമാരുടെ താവളമായ ദൽഹിയിൽ ഡീസലും പെട്രോളും കത്തിക്കാൻ അനുവാദമില്ല. മോട്ടോർ വാഹനങ്ങൾക്ക് ഗ്യാസ് മാത്രമേ കിട്ടൂ. സൗരോർജ്ജം തുടങ്ങിയവക്ക് ചെലവേറും.

പാവങ്ങളെ കബളിപ്പിക്കുക എളുപ്പമാണെന്ന് സർക്കാരിന്നറിയാം. കൃഷി നടത്തുന്നത് ലാഭകരമല്ലാതായി വരുന്ന കാലമാണിത്. നിസ്സാര

വിലക്ക് കൃഷി ഭൂമി വാങ്ങാൻ സാധിക്കും. ബഡായികൾ ഓരോന്നു പറഞ്ഞ് മത്സ്യബന്ധന തൊഴിലാളിക ളേയും പറ്റിക്കാം. അണുനിലയ പരീ ക്ഷണം നടത്തി കൈ പൊള്ളിച്ച പാശ്ചാത്യ രാജ്യങ്ങൾ അവരുടെ സാങ്കേ തിക വിദ്യ വെറുതെ തരാൻ തയ്യാറാ ണ്. ചെർണോബിൽ അപകടത്തിന്നു ശേഷം റഷ്യ ആ വഴിക്ക് ചിന്തിച്ചിട്ടില്ല. ത്രീ മൈൽ ഐലണ്ടിലെ പരീക്ഷണം പാളിയതിനു ശേഷം അമേരിക്കയും ആ ലൈനിൽ ചിന്തിച്ചിട്ടില്ല. ഫ്രാൻസ്, അവരുടെ കൈവശമുണ്ടെന്നു പറയുന്ന ഒരിക്കലും ഒരിടത്തും പരീക്ഷിക്കുക പോലും ചെയ്തിട്ടില്ലാത്ത സാങ്കേതിക വിദ്യയാണ് ഇന്ത്യക്ക് തരാമെന്ന് ഏറ്റി രിക്കുന്നത്. എന്തു മാരണമായാലും ശരി, വെറുതെ തരാമെന്നു പറയുന്ന തെല്ലാം രണ്ടുകയ്യും നീട്ടി വാങ്ങിയി ട്ടുള്ള പാരമ്പര്യത്തിന്നുടമകളായ ഇന്ത്യ ക്കാർ ഇതൊക്കെ വാങ്ങിക്കൊള്ളുമെന്ന് പാശ്ചാത്യർക്കറിയാം.

പക്ഷെ കർഷകരേയും മത്സ്യബന്ധന തൊഴിലാളികളേയും അത്ര എളുപ്പ ത്തിൽ കബളിപ്പിക്കാനാവില്ലെന്ന് അധി കൃതർ മനസ്സിലാക്കുന്നത് അല്പം വൈകിയിട്ടായിപ്പോയി. ഈ വൈകിയ വേളയിൽ അബ്ദുൾ കലാമിനേയും മറ്റും അതറിയിക്കേണ്ടി വന്നത് അതു കൊണ്ടാണ്. ഒരു റോക്കറ്റോ ഒരു മിസൈലോ ചീറ്റി പോയെങ്കിൽ, അതിന്നു വേണ്ടി നടത്തിയ അധ്വാ നവും അതിന്റെ ചെലവും പാഴായിപ്പോയി എന്ന ഒരു നഷ്ടമേ വരൂ. എന്നാൽ ഒരു അണു നിലയം ചീറ്റിപ്പോയാൽ ലക്ഷക്കണക്കിന്ന് ജന ങ്ങൾ ദുരിതമനുഭവിക്കേണ്ടി വരും. അത് ഒന്നോ രണ്ടോ മാസക്കാല ത്തേക്ക് വരുന്ന പാഴ്ചെലവല്ല. റഷ്യ യിലെ ചെർണോബിൽ തന്നെ ഉദാഹ രണം. അണുനിലയം തകർന്നിട്ടിപ്പോൾ കൊല്ലം പത്തോളമായി. എത്രപേർ സിദ്ധികൂടി എന്നതിന്ന് കണക്കൊന്നു മില്ല അതു പോകട്ടെ ആ പ്രദേശത്തെ ഞാനും കാൽകുത്തിയാൽ അവന്റെ കഥയും കഴിയും. ഇതു തന്നെയാണ് അമേരിക്കയിലും സംഭവിച്ചത്. ഇതു തന്നെയാണ് ജപ്പാനിലും സംഭവിച്ചുകൊ ണ്ടിരിക്കുന്നത്. എല്ലാം തട്ടിപൊത്തി മൂടിവയ്ക്കാൻ എല്ലാവരും ശ്രമിക്കുന്നു ണ്ടെങ്കിലും ദുരിതത്തിന്നിരയായ ജന ങ്ങൾക്ക് അതങ്ങനെ മൂടിവയ്ക്കാനാ വില്ല.

ഇന്ത്യയിൽ സ്ഥാപിക്കാൻപോകു ന്നത് ഒരു കൂടംകുളം മാത്രമല്ല; ഡസൻ കണക്കിന്ന് കൂടംകുളങ്ങളാണ്. കൂടം കുളത്ത് ഒരപകടവും സംഭവിക്കില്ലെന്ന് അബ്ദുൾകലാം പറയുന്നു. അത് നല്ല തുതന്നെ. പക്ഷെ എന്തെങ്കിലും അപ കടം സംഭവിച്ചാൽ ആദ്യം വിമാന ത്തിൽ കയറിപറ്റുന്നത് അബ്ദുൾകലാ മായിരിക്കുമെന്നോർക്കുക. ഭോപ്പാ ലിൽ വിഷം ചോർന്നപ്പോൾ ആദ്യം സുരക്ഷിതത്വത്തിന്ന് ഉറപ്പു വരുത്തി യത് ആരായിരുന്നു.

കൂടംകുളത്ത് ഒരപകടവും സംഭവി ക്കില്ലെന്ന് അബ്ദുൾ കലാം പറയുന്നു. ചെർണോബിൽ നിർമ്മിച്ചപ്പോൾ അവി ടത്തെ ജനങ്ങളോട് അവിടത്തെ അബ്ദുൾ കലാമുമാർ പറഞ്ഞിരിക്കാ നിടയുള്ളതും ഇതുതന്നെയാകണം. ആരെന്തു നിർമ്മിക്കുമ്പോഴും, അതു കൊണ്ട് അപകടം വരാനിടയില്ല എന്നേ പറയൂ. അതൊരു സാധാരണ പല്ലവി മാത്രമാണ്. അതിന്നത്രക്കേ വില കല്പി ക്കേണ്ടൂ.

അപകടം എന്ന വാക്കിന്റെ അർത്ഥം തന്നെ അവിചാരിതമായത് സംഭവി ക്കുക എന്നതാണ്. വിചാരിച്ചിരുന്ന കാര്യം വിചാരിച്ചതുപോലെ സംഭവി ച്ചാൽ അതിന്ന് സംഭവം എന്നേ പറയൂ. വിചാരിച്ചിരുന്ന കാര്യം വിചാരിച്ചതു പോലെ സംഭവിക്കാതിരുന്നാൽ അത് അസാധാരണം ആവും എന്നു പറയാം. തൃശൂരിൽ പൂരത്തിന്ന് വെടിക്കെട്ട്





## വാർത്തക്ക് പരസ്യക്കൂലി: ഒരു എം.എൽ.എ. പുറത്ത്

യു.പി യിലെ ബിസൗലി നിയോജകമണ്ഡലത്തിൽനിന്നുള്ള എം.എൽ. എ. ആയ ഉമാലേശ് യാദവിന്റെ നിയമസഭാംഗത്വം എലക്ഷൻ കമ്മീഷൻ റദ്ദാക്കി. എലക്ഷൻ കമ്മീഷന്റെ ഈ നടപടി മറ്റു പലരുടേയും നിയമസ ഭാംഗത്വത്തെയും അപകടത്തിലാക്കിയിട്ടുണ്ട്.

തിരഞ്ഞെടുപ്പു സംബന്ധിച്ച് സത്യസന്ധമായ കണക്ക് നൽകിയില്ല എന്ന തിന്നാണ് ഉമാലേശിന്റെ നിയമസഭാംഗത്വം റദ്ദാക്കിയിരിക്കുന്നത്.

ദൈനിക് ജാഗ്രൻ, അമർ ഉജാല എന്നീ രണ്ടു പത്രങ്ങളിൽ വാർത്താ രൂപത്തിൽ പ്രസിദ്ധീകരിച്ച പരസ്യങ്ങളുടെ പരസ്യക്കൂലി ഇയാൾ തിരഞ്ഞെ ടുപ്പു ചെലവിൽ ഉൾപ്പെടുത്തിയില്ലെന്ന് എലക്ഷൻ കമ്മീഷന്ന് ബോധ്യം വന്നതിനെത്തുടർന്നാണ് ഉമാലേശിന്റെ നിയമസഭാംഗത്വം മൂന്നു കൊല്ല ത്തേക്ക് അസാധുവാക്കിയിരിക്കുന്നത്.

“വാർത്താ പരസ്യ”കാര്യത്തിൽ എലക്ഷൻ കമ്മീഷനിൽനിന്നുണ്ടാകുന്ന ആദ്യത്തെ ശിക്ഷാനടപടിയാണിത്. യു.പി.യിൽ മാത്രമല്ല, പല സംസ്ഥാന ങ്ങളിലും “വാർത്താ പരസ്യം” പ്രസിദ്ധീകരിച്ചിട്ടുണ്ട്. ❑

കത്തിക്കാറുണ്ട്. 99 ശതമാനവും വിചാ രിച്ചതുപോലെത്തന്നെ നടക്കും. എന്നാൽ ചിലപ്പോൾ അപകടം സംഭ വിക്കാറുണ്ടെന്നു നമുക്കറിയാം. ചെർണോബിൽ ഉണ്ടാകുന്നതുവരെ, അങ്ങനെയൊന്ന് ഉണ്ടാകുമെന്ന് ആരും കരുതിയിരുന്നില്ല. അതുപോലെ ത്തന്നെയാണ് മറ്റ് അപകടങ്ങൾ സംഭ വിച്ചതും. ഭൂഗർഭത്തിൽ ഭൂകമ്പമുണ്ടാ കുമെന്നും അപ്പോൾ സുനാമി ഉണ്ടാ കുമെന്നും നാം മനസ്സിലാക്കിയത് ഈയിടെ ജപ്പാനിൽ അതുണ്ടായപ്പോൾ മാത്രമാണ്. കൂടംകുളത്തും അങ്ങനെ യൊക്കെ സംഭവിച്ചുവെന്നുവരാം.

ചുരുക്കി പറഞ്ഞാൽ അപകടങ്ങൾ ഉണ്ടാകാറുണ്ട്. അതിന്റെ ഭവിഷ്യ ത്തിനെ ഏറ്റെടുക്കാൻ നാം തയ്യാറായി രിക്കണം. തയ്യാറില്ലെങ്കിൽ അതു ഉപേ ക്ഷിക്കണം. കൂടംകുളത്ത് ഒരു ചെർണോബിൽ സംഭവിച്ചാൽ റഷ്യ യിലെ ചെർണോബിൽ പോലെയാവി ല്ല. ചെർണോബിൽ ഏറെക്കുറെ വിജ നമായിരുന്നു. കൂടംകുളത്ത് ലക്ഷക്കണ ക്കിന്ന് മനുഷ്യരുണ്ട്. അവരെയെല്ലാം മാറ്റി പാർപ്പിക്കാനാവില്ല. കൂടംകുളം തകർന്നാൽ ഈ കേരളത്തിൽപോലും പ്രത്യാഘാതമുണ്ടാകും. പാശ്ചാത്യ രാജ്യങ്ങളൊന്നും ഇപ്പോൾ അണുനി ലയങ്ങൾ സ്ഥാപിക്കുന്നില്ല. ഏഷ്യൻ- ആഫ്രിക്കൻ രാജ്യങ്ങളുടെ തലയിൽ അതൊക്കെ കെട്ടിവയ്ക്കുകയാണ് ചെയ്യുന്നത്. അണുനിലയങ്ങൾക്കുടമ കളായ അമേരിക്കയും ഫ്രാൻസും ജർമ്മനിയുമൊന്നും പുതിയ അണു നിലയങ്ങൽ സ്ഥാപിക്കാത്തതെന്തു കൊണ്ടാണ്? ലഘുവായ ഈ ചോദ്യം ആരും ചോദിക്കാത്തതെന്തുകൊണ്ടാ ണ്. ഒരു സാങ്കേതിക വിദ്യ വിനാശകര മാകുമെങ്കിൽ അതു വേണ്ടെന്നു വയ്ക്കുന്നതല്ലേ ഉചിതം. ❑

# അന്ന ഹസാരെ ടീമിന്റെ ഘടനയും പുന:സംഘടനയും

**അ**ഴിമതി പിഴുതെറിയാൻ ബഹുമുഖ തന്ത്രം വേണമെന്ന് രാഷ്ട്രപതി പറയുന്നു. കേട്ടാൽ തോന്നുക അഴിമതിയെന്നത് ഒരു രാവണനാണെന്നാണ്; അരിഞ്ഞു കളയും തോറും പുതിയ തല മുളച്ചു പൊന്തുന്ന ഒരു രാവണൻ! ശരിയാണ്. സ്വാതന്ത്ര്യം നേടി അറുപതുകൊല്ലം കഴിഞ്ഞിട്ടും അഴിമതിയുടെ ഒരു മുഖംപോലും നമുക്ക് അരിഞ്ഞു കളയാൻ സാധിച്ചിട്ടില്ല. നേരെ മറിച്ച് പുതിയ പുതിയ തലകൾ മുളച്ചു പൊന്തുന്നുമുണ്ട്. മുമ്പിവിടെ അംബാനി ഉണ്ടായിരുന്നില്ല. ഇപ്പോൾ എത്ര അംബാനിമാരാണ്. അമേരിക്കൻ ഉപദേശമനുസരിച്ചു പ്രവർത്തിക്കാൻ തയ്യാറായ മൻമോഹൻ സിങ്ങിന്റെ ഇന്ത്യയിലും യൽട്സിന്റെ റഷ്യയിലും മാത്രമേ രാവണന്റെ തലപോലെ കോടീശ്വരന്മാർ പെരുകുന്നുള്ളൂ.

അഴിമതിയെ നേരിടാൻ ബഹുമുഖമൊന്നും ആവശ്യമില്ല; നിശ്ചയദാർഢ്യമെന്ന ഒരൊറ്റ മുഖമുണ്ടായാൽമതി. ആ ഒരു മുഖത്തിന്റെ അഭാവത്തിൽ അന്ന ഹസാരേമാരുടെ അനേകം തലകൾ ആവശ്യമായി വരുന്നു. അന്ന ഹസാരേയുടെ മുഖം തകർക്കാൻ സർക്കാരിന്നും നിക്ഷിപ്ത താല്പര്യക്കാർക്കും അനേകം മുഖങ്ങൾ ഉണ്ടാക്കേണ്ടി വരുന്നുണ്ട്. പക്ഷെ ഇതുവരെ ഒന്നും ഫലിച്ചിട്ടില്ല. അമ്പതോളം പേരടങ്ങിയ ഹസാരേയുടെ ടീമിൽനിന്ന് രണ്ടുപേരെക്കൊണ്ട് രാജിവയ്പിക്കാൻ നിക്ഷിപ്ത താൽപര്യക്കാർക്ക് കഴിഞ്ഞിട്ടുണ്ടെന്നത് ശരിതന്നെ. പക്ഷെ ഇവർ പ്രത്യേകിച്ചാരേയും പ്രതിനിധീകരിക്കുന്നില്ല. ഏകതാ പരിഷത്തിന്റെ അഖിലേന്ത്യാ പ്രസിഡണ്ടാണ് ഒരാൾ. വാസ്തവത്തിൽ ഇങ്ങനെ ഒരു പരിഷത്തും ഒരു പ്രസിഡണ്ടും ഉണ്ടെന്നറിയുന്നതുതന്നെ ഈ രാജിയോടുകൂടിയാണ്. ഇതുപോലെത്തന്നെ രാജികൊണ്ടുമാത്രം അറിയപ്പെട്ട ആളാണ് ജല സമര നായകൻ. ഇന്ത്യയിൽ ആർക്കും ഒരു സംഘടനയുണ്ടാക്കാം; അതിന്റെ പ്രസിഡണ്ടാണെന്നും സെക്രട്ടറിയാണെന്നും മറ്റും അവകാശപ്പെട്ട് സർക്കാരിൽനിന്നു മാത്രമല്ല അന്താരാഷ്ട്ര ഏജൻസികളിൽനിന്നുപോലും സാമ്പത്തിക സഹായം സംഘടിപ്പിക്കാം. ഇത്തരം വിദ്യകൾക്ക് ഒരറുതി വരുത്താൻ കൂടിയാണ് ലോകപാൽ സംഘടിപ്പിക്കുന്നത്.

## ഹസാരേ ടീം

ജനലോകപാൽ നേതൃത്വ നിരയിൽ നിറയെ വഴക്കും വക്കാണവുമാണെന്നു വരുത്താനും നിക്ഷിപ്ത താല്പര്യക്കാർ കൊണ്ടുപിടിച്ചു ശ്രമിക്കുന്നുണ്ട്. വ്യക്തിപരമായി നടത്തുന്ന അഭിപ്രായ പ്രകടനങ്ങളെ സംഘടനാ തലത്തിൽ ഉയർത്തിക്കൊണ്ടുവരുന്നത് ഉദാഹരണം. ഒരു സമ്മേളനത്തിന്നിടയിൽ ഒരു ലേഖകൻ ഉന്നയിച്ച ഹിത പരിശോധനാ നിർദ്ദേശത്തിന്ന് പ്രശാന്ത് ഭൂഷൺ നൽകിയ മറുപടിയെ ഒരഖിലേന്ത്യാ നയപ്രഖ്യാപനമായി അവതരിപ്പിച്ചതിന്ന് വേറെ എന്താണൊരർത്ഥം കല്പിക്കേണ്ടത്? ഹിത പരിശോധന നടത്തി പ്രശ്നം പരിഹരിക്കുക എന്നത് 1948 ൽ ഉന്നയിക്കപ്പെട്ട ആശയമാണ്. അന്നു അത് എല്ലാവർക്കും സ്വീകാര്യവുമായിരുന്നു. എന്നാൽ 60 കൊല്ലം പിന്നിട്ടതിന്നു ശേഷം ഇന്നു നിലനിൽക്കുന്ന സ്ഥിതി തീർത്തും വ്യത്യസ്തമാണ്. അതറിഞ്ഞുകൊണ്ടുതന്നെയാകണം ചോദ്യം ചോദിച്ചതും ഉത്തരം നൽകിയതും. എന്നാൽ അതിനെ മറ്റൊരു തരത്തിൽ വ്യാഖ്യാനിച്ച് പ്രശ്നം അവതരിപ്പിച്ചത് ദുരുദ്ദേശത്തോടെയാകാനേ നിവൃത്തിയുള്ളൂ.

അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്ന് നേതൃത്വം നൽകുന്ന സമിതിയുടെ പുന:സംഘടനാ കാര്യവും ഇതേ ഗണത്തിൽ പെടുന്നു. ഐക്യരാഷ്ട്ര സമിതിപോലും പുന:സംഘടിപ്പിക്കാൻ സാധ്യതയുണ്ടെന്നിരിക്കെ അഴിമതി വിരുദ്ധ പ്രസ്ഥാനം പുന:സംഘടിപ്പിക്കാനും സാധ്യതയുണ്ട്. പക്ഷെ പത്രറിപ്പോർട്ടുകൾ വായിച്ചാൽ, വഴക്കും വക്കാണവും മൂലം സമിതി പുന:സംഘടിപ്പിക്കാൻ പോകുന്നു എന്നാണ്. അതങ്ങനെ അവതരിപ്പിക്കപ്പെട്ടത് ദുരുദ്ദേശപൂർവ്വമാണ്.

ഹസാരെ ടീം ഇന്നത്തെ നിലയിൽ സംഘടിപ്പിക്കപ്പെട്ടത് ഒരു ഉദ്ദേശത്തോടുകൂടിയാണ്. അഴിമതിക്കെതിരെ അഹിംസാത്മകമായി പല ജനകീയ സമരങ്ങളും നടത്തിയിട്ടുള്ള ആളാണ് ഹസാരെ. മഹാരാഷ്ട്രത്തിലെ അഴിമതി വിരുദ്ധ സമരങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ട്. പല അഴിമതിക്കാരുടേയും മന്ത്രിപ്പണി തെറിച്ചു പോയത് ഹസാരേയുടെ വിട്ടുവീഴ്ചയില്ലാത്ത സമരംമൂലമായിരുന്നു. ഗാന്ധിയൻ സമരായുധമായ ഉപവാസത്തെ ഫലപ്രദമായി ഉപയോഗിച്ച ആളുമാണദ്ദേഹം. മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത ക്രഡിറ്റുകളായിരുന്നു ഇവ.

ഐ.എ.എസ്. നേടിയിട്ടും ഉന്നത സ്ഥാനമാനങ്ങളെല്ലാം ഉപേക്ഷിച്ച്, ജീവിതം പാവങ്ങൾക്കുവേണ്ടി നീക്കിവച്ച അസാമാന്യമായൊരു വിക്തിത്വത്തിന്നുടമയാണ് കേസരിവാൾ. അദ്ദേഹത്തെ അഴിമതിക്കാരനായി ചിത്രീകരിക്കാൻ സംഘടിതമായ ശ്രമം നടന്നു. അദ്ദേഹം പണ്ടു വാങ്ങിയ ഒരു വായ്പയുടെ പേരിലാണ് ഈ കള്ളക്കളി മുഴുവൻ നടന്നത്.

സുപ്രീം കോടതിയിലെ ജഡ്ജിയായി വിരാജിക്കുകയും അഴിമതിയുടെ കറ പുരളാതെ ഇറങ്ങിപ്പോരുകയും ചെയ്ത ആളാണ് ജ. സന്തോഷ് ഹെഗ്ഡെ. പിന്നീടദ്ദേഹം കർണാടകത്തിലെ ലോകായുക്തയായി ഒരുപാട് ഉദ്യോഗസ്ഥന്മാരുടെ അഴിമതി കണ്ടുപിടിച്ചു.

സ്വന്തമായ അഭിപ്രായങ്ങളുള്ള ആളാണ് ഹെഗ്ഡെ. ഹസാരെ നിരാഹാരവ്രതം ആരംഭിക്കുന്നതിനെ അദ്ദേഹം ആദ്യം മുതൽക്കേ എതിർത്തിരുന്നു. ഹിസ്സാർ ലോകസഭാ സീറ്റിലെ ഉപ തിരഞ്ഞെടുപ്പിൽ ഹസാരെ ടീം കോൺഗ്രസ്സിന്നെതിരെ പ്രചാരണം നടത്തുന്നതിനേയും അദ്ദേഹം എതിർത്തിരുന്നു.

പോലീസിന്ന് നേതൃത്വം നൽകുകയും സൽപേരോടുകൂടി ഇറങ്ങിപോരുകയും ചെയ്ത അപൂർവ്വം വ്യക്തിത്വങ്ങളിലൊരാളാണ് കിരൺബേദി. പോലീസിൽ ചെന്നുപെട്ടാൽ സമ്മർദ്ദങ്ങൾക്ക് വിധേയയാകുകയും അവസാനം ചീത്തപ്പേരോടുകൂടി ഇറങ്ങിപ്പോരുകയുമാണ് പതിവ്. അതിന്നും പുറമെ പോലീസിൽ സേവനമനുഷ്ഠിച്ച ശേഷം ജനകീയ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയവരും അധികമൊന്നുമില്ല. കോടതി ഭാഷയിൽ പറഞ്ഞാൽ "അപൂർവ്വങ്ങളിൽ അപൂർവ്വമായ" ഒരു വ്യക്തിത്വമാണ് കിരൺ ബേദിക്കുള്ളത്.

ഇനിയുള്ള രണ്ടുപേർ ശാന്തി ഭൂഷണും പ്രശാന്ത് ഭൂഷണനുമാണ്. അഛനും മകനും എന്ന നിലക്കുള്ള ബന്ധം മാത്രമല്ല ഇവർക്കുള്ളത്. രണ്ടുപേരും അദ്വിതീയ നിയമപണ്ഡിതരാണ്. പ്രശാന്ത് ഭൂഷൺ ജനകീയമായ കേസുകൾ ഏറ്റെടുത്തു നടത്തുന്നു. സുപ്രീം കോടതിയിൽ ഒരു ദിവസം ഹാജരായി കേസ് വാദിക്കുന്നതിന്ന് മൂന്നോ നാലോ ലക്ഷം രൂപ ചിലർ ഫീസ് വാങ്ങാറുണ്ട്. പാവങ്ങൾക്ക്

# പഠിപ്പും പ്രാപ്തിയുമുണ്ടായാലും ആദിവാസി ഗതികേടിൽ തന്നെ

സോണി സോറി എന്ന ആദിവാസിയേയും(35) അവരുടെ മരുമകനായ കോഡോപ്പിയേയും ദൽഹി പോലീസിന്റെ ക്രൈം ബ്രാഞ്ച് അറസ്റ്റ് ചെയ്തുവെന്ന വാർത്ത ലഭിക്കുന്നത് ഒക്ടോബർ 4ന്നാണ്. അനിവാര്യമായത് സംഭവിച്ചു. ഇന്ത്യാഗവർമ്മേണ്ടിന്റെ ഉരുക്കുമുഷ്ടികൾ പാവങ്ങളായ രണ്ട് ആദിവാസികളുടെ നിറുകയിൽ പതിച്ചു. ജീവനുവേണ്ടി പരക്കം പായുന്ന രണ്ടു ഗോത്രവർഗ്ഗക്കാർ സർക്കാരിന്റെ പിടിയിലായി. ധീരതക്ക് കിട്ടിയ ശിക്ഷ. ഛത്തീസ് ഗഡിലെ സങ്കീർണ്ണ ജീവിത സാഹചര്യങ്ങളെ ഇത് വെളിപ്പെടുത്തുന്നു.

എസ്സാർ എന്ന കൂറ്റൻ കമ്പനിയുടെ കരാറുകാരനായ ബി. കെ. ലാൽ പണം കൈമാറുന്ന അവസരത്തിൽ പിടികൂടി എന്നൊരു വാർത്താ ശകലം രണ്ടാഴ്ചയായി പത്രങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. ദന്താവാദ മാർക്കറ്റിൽവച്ച് 15 ലക്ഷം രൂപ കൈമാറിയെന്നായിരുന്നു വാർത്ത. മാവോയിസ്റ്റുകൾ ശല്യപ്പെടുത്താതിരിക്കാൻ നൽകിയ സംരക്ഷണ പണമാണിതെന്നും പത്രങ്ങൾ പറഞ്ഞിരുന്നു. ലിംഗ കൊഡോപ്പി എന്നൊരു മാവോയിസ്റ്റ് ഇതുമായി ബന്ധപ്പെട്ടിരിക്കുന്നതായും വാർത്തകളിൽ പറഞ്ഞിരുന്നു. ഈ ഇടപാട് നടക്കുമ്പോൾ കൂടെയുണ്ടായിരുന്ന യുവതി സോണി സോറിയായിരുന്നുവെന്നും വാർത്തയിൽ പറഞ്ഞിരുന്നു. ഇതൊക്കെ നടന്നത് സെപ്തമ്പറിലാണ്. സോണി പിടികൊടുക്കാതെ രക്ഷപ്പെട്ടുവെന്നും വാർത്തയിലുണ്ടായിരുന്നു.

ജീവൻ രക്ഷിക്കാനായി പരക്കം പായുന്ന സോണി ഈയിടെ തെഹൽക ഓഫീസിൽ പ്രത്യക്ഷപ്പെട്ട് കഥയെല്ലാം പറഞ്ഞു. ഒറീസ അതിർത്തിയിൽനിന്ന് ജീവനുംകൊണ്ട് പലായനം ചെയ്ത അവർ അവസാനം ദൽഹിയിലെത്തിയിരിക്കുകയാണ്. നാട്ടിൽ മൂന്നു കുട്ടികളെ തനിച്ചാക്കിയ ഓട്ടമായിരുന്നു അത്. സോണിയുടെ ഭർത്താവിനെ നക്ഷൽ മുദ്രകുത്തി ജയിലിലടച്ചിരിക്കുകയാണ്. സോണിയുടെ അച്ഛൻ ആസ്പത്രിയിൽ കിടക്കുന്നു. ➡



അറസ്റ്റ് ചെയ്യപ്പെട്ട സോണി

വിരോധാഭാസമെന്നു പറയട്ടെ, മാവോയിസ്റ്റുകളുടെ വെടിയേറ്റാണ് അദ്ദേഹം ആസ്പത്രിയിലെത്തിയത്. മാവോയിസ്റ്റാണെന്ന് പറഞ്ഞ് സോണിക്കെതിരെ അഞ്ചു കേസുകൾ നിലവിലുണ്ട്.

സോണി ഒരു സർക്കാർ സ്കൂളിലെ അധ്യാപികയാണ്. സോണി അണ്ടർ ഗ്രൗണ്ടിലാണെന്നു പ്രചരിപ്പിച്ചതിനാൽ പേടിച്ചരണ്ട നൂറോളം കുട്ടികൾ ഇപ്പോൾ സ്കൂളിൽ വരുന്നില്ല. മറ്റനേകം ഗോത്രവർഗ്ഗക്കാർ ചെയ്തതുപോലെ അണ്ടർഗ്രൗണ്ടിൽ പോകാൻ സോണി വിസമ്മതിക്കുന്നു. പോലീസിന്റെ പിടിയിൽ പെട്ടാൽ ഡോ. വിനായക് സെന്നിനെപ്പോലെ തടവിൽ കിടന്നു നരകിക്കേണ്ടിവരും. മാവോയിസ്റ്റുകളുടെ പക്ഷം പിടിച്ചാലും ഗതി അതുതന്നെ.

അക്ഷരജ്ഞാനവും അല്പം സമ്പത്തുമുള്ളവരെ പാട്ടിലാക്കാൻ മാവോയിസ്റ്റുകളും പോലീസും ശ്രമിക്കുന്നു. അതിന്റെ പ്രത്യാഘാതമാണിത്.

ഛത്തീസ് ഗഡിലെ ദന്തെവാദ ജില്ലയിൽ സോണി ജീവിക്കുന്ന മേഖലയാകെ മാവോയിസ്റ്റ് സ്വാധീന വലയത്തിൽ പെടും. കൊടും കാടാണ് ആ പ്രദേശത്താകെ. അവിടെ മാവോയിസ്റ്റ് ക്യാമ്പുണ്ട്; സി. ആർ. പി. ക്കാർക്കും ക്യാമ്പുണ്ട്. എല്ലാവർക്കും എല്ലാവരേയും സംശയമാണ്. ഇടക്കിടെ സംഘടനങ്ങൾ നടക്കും. കഴിയുന്നത്ര പേരെ രണ്ടു കൂട്ടരും കൊല്ലും. അവിടെ ജീവിക്കുന്നതുതന്നെ ഒരു കുറ്റമാണ്. നിങ്ങൾ മാവോയിസ്റ്റ് പക്ഷത്താണെന്നു തോന്നിയാൽ സി.ആർ.പി. ക്കാർ കൊല്ലും. നേരെ മറിച്ച് നിങ്ങൾ സൈന്യത്തിന്റെ ഭാഗത്താണെന്നു തോന്നിയാൽ മാവോയിസറ്റുകൾ കൊല്ലും.

ഇരു പക്ഷത്തും ചേരാതെയാണ് സോണിയും കൊഡോപ്പിയും ജീവിച്ചുവരുന്നത്. അവരവിടെ ജീവിക്കുന്നത് മറ്റുള്ളവർക്കു വേണ്ടിയാണ്. ആദിവാസികൾക്ക് 60 രൂപ ശമ്പളം നൽകിയിരുന്നത് ഇവരുടെ സമരം മൂലം 120 രൂപയാക്കി ഉയർത്തേണ്ടിവന്നു. ഖനി തൊഴിലാളികൾക്ക് മിനിമം വേതനം കിട്ടാറാക്കിയത് ഇവരാണ്. തേക്കു ധാരാളം വളരുന്ന മേഖലയാണത്. കാട് വെട്ടി തെളിയിക്കുന്നുവെന്നതിന്റെ പേരിൽ പോലീസ് മേധാവിമാർ തേക്കു മുറിച്ചു വിറ്റു കാശുണ്ടാക്കുകയാണ് ചെയ്യുന്നത്.

മാവോയിസ്റ്റുകൾ കോഡോപ്പിയെ അവരുടെ സ്വാധീനത്തിൽ കൊണ്ടുവരാൻ ശ്രമിച്ചു. അതു നടന്നില്ല. സ്വാതന്ത്ര്യ ദിനത്തിൽ ഇന്ത്യൻ പതാക വലിച്ചിറക്കാൻ മാവോയിസ്റ്റുകൾ നടത്തിയ ശ്രമത്തേയും ഇവർ പരാജയപ്പെടുത്തി.

മാവോയിസ്റ്റുകൾ ഞങ്ങളെ മുന്നിൽ നിന്നാക്രമിക്കുന്നു; പോലീസ് പിന്നിൽനിന്നും എന്നാണ് സോണിയുടെ പിതാവ് പരാതിപ്പെടുന്നത്. ❏

---

ഇത്തരം മണ്ഡലങ്ങളിൽ കാൽകുത്താനേ സാധ്യമല്ല. ഇങ്ങനെയുള്ള മേഖലകളിൽ ഹാജരായി സൗജന്യമായി കേസ് വാദിക്കുന്ന ആളാണ് പ്രശാന്ത് ഭൂഷൺ. പലപ്പോഴും കക്ഷികളുടെ ചെലവുപോലും പ്രശാന്ത് ഭൂഷൺ വഹിക്കും. നാനാ മേഖലകളിൽ വിഹരിക്കുന്ന ഒരാളാണദ്ദേഹം.

നിയമജ്ഞനെന്ന നിലക്കും ജനതാ ഗവർമ്മേണ്ടിലെ നിയമകാര്യമന്ത്രിയെന്ന നിലക്കും പ്രസിദ്ധനായ ശാന്തി ഭൂഷൺ ഏതൊരു സ്ഥാപനത്തിന്നും അഭിമാനകരമാണ്. അദ്ദേഹത്തിന്റെ സേവനം പ്രശാന്ത് ഭൂഷണന്റെ സേവനത്തെ സമ്പൂർണമാക്കുന്നു.

ഇവരിൽ ആരെയെങ്കിലും ഒരാളെയെങ്കിലും ഒഴിവാക്കാൻ കഴിഞ്ഞാൽ അത് നിക്ഷിപ്ത താല്പര്യക്കാരുടെ ഒരു വിജയമാകുമായിരുന്നു. ഇവരെ തൊടാതെ മേൽവിലാസമില്ലാത്ത ചിലരെക്കൊണ്ട് രാജിവയ്പിച്ചാൽ അത് സ്വന്തം മൂക്കു മുറിച്ച് ശകുനം മുടക്കുന്നതിന്ന് തുല്യമാവുകയേയുള്ളൂ. ഏതായാലും ഈ റൗണ്ടിൽ കേന്ദ്രഗവർമ്മേണ്ടും നിക്ഷിപ്ത താല്പര്യക്കാരും തോറ്റുവെന്നുതന്നെ പറയാം. ❏

# ആർക്കും വേണ്ടാത്ത അണുനിലയം എന്തിനാണിന്ത്യക്ക്?

- എസ്.പി. ഉദയകുമാർ -

**അ**ണു നിലയങ്ങൾക്കെതിരെ ജനകീയ പ്രസ്ഥാനം എന്ന സംഘടനയുടെ കോ-ഓർഡിനേറ്ററാണ് എസ്.പി. ഉദയകുമാർ തമിഴ്നാട്ടിലെ കൂടംകുളം പദ്ധതിക്കെതിരായി സമരം നടത്തിവരുന്നവരുടെ വക്താവുകൂടിയാണദ്ദേഹം. നാട്ടുകാർ ആദ്യം 12 ദിവസത്തെ ഉപവാസം നടത്തി. മുഖ്യമന്ത്രി ജയലളിത ഇടപെട്ടതിന്നു ശേഷം അവർ ഉപവാസം നിർത്തി. കൂടംകുളത്തെ പണി നിർത്തണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം മന്ത്രിസഭ അംഗീകരിച്ചതിനപ്പുറം ഒന്നും സംഭവിച്ചില്ല. ഇവർ പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകിയിട്ടും ഫലമൊന്നുമുണ്ടായില്ല. ഈ സാഹചര്യത്തിൽ ഉപവാസം പുനരാരംഭിക്കേണ്ടിവന്നിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഖുനാൽ മജ്ജുംദാറുമായി നടത്തിയ സംഭാഷണത്തിന്റെ വിവരണങ്ങളാണ് താഴെ ചേർക്കുന്നത്.

ചോദ്യം: എന്തുകൊണ്ടാണ് ഉപവാസം പുനരാരംഭിച്ചത്?

ഉത്തരം: കൂടംകുളത്തെ പണിയൊക്കെ നിർത്തിവയ്ക്കുമെന്നാണ് പ്രധാനമന്ത്രി ഞങ്ങളോട് പറഞ്ഞിരുന്നത്. എന്നാൽ പിന്നീടദ്ദേഹം മുഖ്യമന്ത്രി ജയലളിതക്ക് എഴുതിയ കത്തിൽ പണി നടത്താൻ സഹകരണമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. കേന്ദ്ര ഗവർമ്മേണ്ടിന്റെ നടപടി ജനങ്ങളെ അസ്വസ്ഥമാക്കിയിരിക്കുകയാണ്.

ചോദ്യം: കൂടംകൂളം കാര്യത്തിൽ സംസ്ഥാന ഗവർമ്മേണ്ടിന്ന് ആത്മാർത്ഥതയുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

ഉത്തരം: ഞങ്ങൾക്ക് അറിയില്ല. സംസ്ഥാന ഗവർമ്മേണ്ട് മന്ത്രിസഭയുടെ പ്രമേയത്തെ മാനിക്കണം; അതനുസരിച്ച് പ്രവർത്തിക്കണം. കേന്ദ്രഗവർമ്മേണ്ട് തമിഴ്നാട്ടിലെ ജനങ്ങളുടെ വികാരത്തെ മാനിക്കുന്നില്ല എന്നാണ് ജനങ്ങൾക്കുള്ള പരാതി.

ചോദ്യം: നിങ്ങളുടേത് പക്ഷപാതപരമായ, രാഷ്ട്രീയ നടപടിയാണെന്ന് ആണ് ആക്ഷേപം?

ഉത്തരം: ഇതൊരു ക്രൈസ്തവ പ്രസ്ഥാനമാണെന്നു പറയുന്നത് വെറും പ്രചരണമാണ്. എല്ലാ മതങ്ങളിൽ പെട്ടവരും എല്ലാ ജാതിക്കാരും ഈ പ്രസ്ഥാനത്തിലുണ്ട്. ഏതെങ്കിലും സർക്കാരിതര പ്രസ്ഥാനം ഇതിന്ന് സാമ്പത്തിക സഹായം നൽകുന്നില്ല. ഇത് യഥാർത്ഥമായും ഒരു ജനകീയ പ്രസ്ഥാനമാണ്.

ചോദ്യം: അണു നിലയം സ്ഥാപിക്കുന്ന കാര്യത്തിൽ നിങ്ങൾക്കെന്താണിത്ര ആക്ഷേപം?

ഉത്തരം: അണുനിലയം അരക്ഷിതമാണ്. സുരക്ഷിതത്വം സംബന്ധിച്ച വിശകലന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. അണുനിലയത്തിന്ന് തിരഞ്ഞെടുത്ത സ്ഥലം സംബന്ധിച്ച റിപ്പോർട്ടും പ്രസിദ്ധീകരിച്ചില്ല. ജനാഭിപ്രായം ആരായണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഇതൊരു സ്വേഛാധിപത്യപരമായ പദ്ധതിയാണ്. ഈ പദ്ധതി ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുകയാണ്. പരിസ്ഥിതി സംബന്ധിച്ച വിശകലനത്തിൽ ഗുരുതരമായ വീഴ്ചയുണ്ട്. റഷ്യൻ ഗവർമ്മേണ്ട് തന്നെ നടത്തിയ അവലോകനത്തിൽ റിയാക്ടറിന്റെ ഡിസൈനിൽ 20നും 25നും ഇടക്ക് ന്യൂനതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിന്നാധാരമായ സാങ്കേതിക വിദ്യ അരക്ഷിതമാണെന്ന് അതിൽ പറയുന്നു. പ്രകൃതി ക്ഷോഭത്തെ നേരിടാൻ ഈ റിയാക്ടറിന്നാവില്ലെന്നും അതിൽ പറയുന്നുണ്ട്.

ചോദ്യം: പദ്ധതിയുടെ നിർമ്മാണമാരംഭിച്ചത്. എന്നിട്ടിത്രകാലം ആരും ഒന്നും പറഞ്ഞില്ലല്ലോ?

ഉത്തരം: പദ്ധതിയുടെ വിപത്ത് ജനങ്ങൾ അറിയുന്നത് ഇപ്പോഴാണ്. ജപ്പാനിലെ ഹുക്കുഷിമ സംഭവമാണ് ജനങ്ങളെ ഉണർത്തിയത്. ജപ്പാനിലെപ്പോലെ ഒരപകടം ഇവിടെയുണ്ടായാൽ പന്ത്രണ്ടു ലക്ഷം ജനങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരും. 30 കിലോമീറ്റർ ചുറ്റുപാടിൽനിന്നും മണിക്കൂറുകൾക്കകം ഇത്രയം പേരെ എങ്ങോട്ടു മാറ്റും? ചുറ്റുപാടുമുള്ള അഞ്ചുകിലോമീറ്റർ സുരക്ഷിതത്വ മേഖലയായെടുത്താൽതന്നെ അവിടെ മൂന്നു ലക്ഷത്തിൽപരം ജനങ്ങളുണ്ട്. ഇവരെ എവിടെ മാറ്റി പാർപ്പിക്കും? എങ്ങനെ അതു സാധിക്കും?

ചോദ്യം: അപ്പോൾ നിങ്ങൾ എതിർക്കുന്നത് അണുവൈദ്യുതിയെയാണെന്നു വരുന്നു.

ഉത്തരം: അണുനിലയം തന്നെ വേണ്ടെന്നാണ് ഞങ്ങൾ പറയുന്നത്. ജർമ്മനി ഇറ്റലി തുടങ്ങിയ വികസിത രാജ്യങ്ങൾപോലും അണുനിലയങ്ങൾ ഉപേക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഇന്ത്യ അണുനിലയം സ്ഥാപിക്കാൻ മുതിരരുതെന്നും ഞങ്ങൾ പറയുന്നു. ചേർണോബിൽ അപകടത്തിന്നു ശേഷം റഷ്യ ഒരൊറ്റ ആണവനിലയം പോലും സ്ഥാപിച്ചിട്ടില്ല. അവർ അവരുടെ സാങ്കേതിക വിദ്യ ഇന്ത്യയിൽ വിറ്റഴിക്കാൻ ശ്രമിക്കുമ്പോൾ, നിങ്ങളെന്താണ് നിങ്ങളുടെ നാട്ടിൽ ഒന്നും സ്ഥാപിക്കാത്തത് എന്ന് നാം ചോദിക്കണ്ടെ? അവർ ആർക്കും വേണ്ടാത്ത സാങ്കേതിക വിദ്യ നമ്മുടെ തലയിൽ കെട്ടിവച്ചാലോ. ഇന്ത്യയിലൊരിടത്തും അണു നിലയം ആവശ്യമില്ലെന്ന് ഞങ്ങൾ പറയും. ഇന്ത്യയിൽ 5900 ഉപജില്ലകളുണ്ട്. ഇതിൽ 78-80 ശ തമാനത്തിന്നേ 15 മെഗാവാട്ടിലധികം വൈദ്യുതി വേണ്ടിവരൂ. അത്യധികം കേന്ദ്രവൽകൃതമായ പ്രദാനാധിഷ്ഠിതമായ വൈദ്യുതി നമുക്കുവേണ്ട. വികേന്ദ്രീകൃതമായ, ചോദനാധിഷ്ഠിതമായ വൈദ്യുതിയാണ് നമുക്കാവശ്യം.

ചോദ്യം: ഇന്ത്യയിലേത് വളർന്നുവരുന്ന ഒരു സമ്പദ്വ്യവസ്ഥയാണ് വൈദ്യുതിക്കാവശ്യം ഏറെയാണ്. ഇതൊക്കെ എങ്ങനെ നിറവേറ്റും?

ഉത്തരം: ഇന്ത്യുടെ വൈദ്യുതിയാവശ്യത്തിൽ രണ്ടരശതമാനം പോലും അണുവൈദ്യുതിയിൽനിന്നും കിട്ടുന്നതല്ല. പെട്ടിക്കടപോലെ ഇന്ത്യയിലാകെ അണുനിലയങ്ങൾ സ്ഥാപിച്ചാലും നമുക്കാവശ്യമുള്ളതിന്റെ പത്തു ശതമാനം പോലും അണുവൈദ്യുതിൽനിന്നു കിട്ടില്ല. അണുനിലയങ്ങളിൽ നിന്നുള്ള മാലിന്യങ്ങളിൽ പകുതി എവിടെയെങ്കിലും കൊണ്ടുപോയി നിക്ഷേപിക്കാൻതന്നെ 24,000 വർഷങ്ങൾ വേണ്ടിവരും. അതിന്റെ ചെലവൊന്ന് ഓർത്തുനോക്കൂ. സാമ്പത്തികമല്ല മാനുഷികമായ ചെലവ്. വൈദ്യുതി ഉല്പാദിപ്പിക്കാൻ പറ്റിയ മാർഗ്ഗം ഇതല്ല. എണ്ണക്കും കൽക്കരിക്കും അണുവൈദ്യുതിക്കും അപ്പുറത്ത് ചിന്തിക്കാൻ നമുക്കു കഴിയണം. 365 ദിവസവും വെയിൽ കിട്ടുന്ന നാടാണ് ഇത്. സൗരോർജ്ജം ചെലവേറിയതാണെന്നു പറയരുത്. ഗവേഷണത്തിന്ന് കുറച്ച് ചെലവഴിച്ചു നോക്കൂ. എന്തുകൊണ്ട് തിരമാലയിൽനിന്ന് ഊർജ്ജം ഉല്പാദിപ്പിച്ചുകൂടാ. ഇന്ത്യക്ക് 7500 കിലോ മീറ്റർ കടൽ തീരമില്ലേ? അത് ഫലപ്രദമായി ഉപയോഗപ്പെടുത്തൂ. വെള്ളക്കാരന്റെ സാങ്കേതിക വിദ്യ നാടിന്ന് വലിയ ദോഷം വരുത്തിക്കഴിഞ്ഞു ഇനിയും അവരെ പിൻതുടരണോ? ❑

# യാത്രക്കാർക്കുള്ളതല്ല തീവണ്ടികൾ

ബഡ്ജറ്റ് പ്രസംഗത്തിൽ റെയിൽവേ മന്ത്രി ഉറപ്പു നൽകിയ പല യാത്രാവണ്ടികളും ഇനിയും ഓടിത്തുടങ്ങിയിട്ടില്ലെന്ന് ഒരാക്ഷേപം ഈയിടെ പത്രങ്ങളിൽ വായിക്കുകയുണ്ടായി. തങ്ങൾ വഞ്ചിക്കപ്പെട്ടുവെന്ന് ജനങ്ങൾക്ക് തോന്നുന്നുണ്ടെങ്കിൽ അതിന്നവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. പക്ഷെ അതിന്നപ്പുറമുള്ള ചില വസ്തുതകൾ ജനങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.



എറണാകുളം-ഷൊർണൂർ പാസഞ്ചർ വണ്ടിയുടെ വനിതാ കമ്പാർട്ടുമെന്റിൽ ഒറ്റക്ക് യാത്ര ചെയ്യുന്ന ഒരു സ്ത്രീ

തീവണ്ടി ആദ്യമായി പ്രചാരത്തിൽ വന്നത് യൂറോപ്പിലാണ്. ഇന്ത്യയിൽ തീവണ്ടി ഗതാഗതം ആരംഭിച്ചതാകട്ടെ ബ്രിട്ടീഷുകാരുമായിരുന്നു. ചരക്കു ഗതാഗതത്തിന്നായി കൊണ്ടുവന്നതാണത്. ഇന്ത്യയുടെ ഉൾനാടൻ പ്രദേശങ്ങളിൽ സംഭരിക്കുന്ന ചരക്കുകൾ ബ്രിട്ടനിലേക്ക് കയറ്റുമതി ചെയ്യണമെങ്കിൽ ആദ്യംതന്നെ അതൊക്കെ തുറമുഖത്ത് എത്തിക്കണം. അന്നത്തെ നിലക്ക് അത് എളുപ്പമായിരുന്നില്ല കുതിരവണ്ടികളിലോ കാളവണ്ടികളിലോ കയറ്റി തുറമുഖത്തെത്തിക്കണം ഈ ലക്ഷ്യം മുൻനിർത്തിയാണ് ഇന്ത്യയിൽ തീവണ്ടി നടപ്പാക്കിയത്.

1857ലെ സമരം ഈ പ്രശ്നത്തെ അടിയന്തര പ്രശ്നമാക്കിയെന്നു പറയാം. അതുവരെ ബ്രിട്ടനാശ്രയം കാലാൾ പടയായിരുന്നു. രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്ത് കുഴപ്പമുണ്ടായാൽ കാലാൾ പടയെ അങ്ങോട്ടയക്കുകയാണ് പതിവ്. 1857ലെ സ്വാതന്ത്ര്യ സമരം വ്യാപകമായിരുന്നതിനാൽ സൈന്യത്തെ എല്ലായിടത്തും എത്തിക്കുക വിഷമമായിരുന്നു. ഇവിടെയാണ് തീവണ്ടി പ്രസക്തമാകുന്നത്. ആയിരമോ രണ്ടായിരമോ വരുന്ന കാലാൾ സൈന്യത്തെ തീവണ്ടിവഴിക്കാണെങ്കിൽ അതിവേഗത്തിൽ ലക്ഷ്യസ്ഥാനത്തെത്തിക്കാൻ പറ്റും. അപ്പോഴും യാത്രാവണ്ടി എന്ന സംവിധാനത്തെപ്പറ്റി ഗവർമ്മേണ്ട് ചിന്തിച്ചിരുന്നില്ല. ബ്രിട്ടനിലേക്ക് കയറ്റുമതി ചെയ്യാനുള്ള അസംസ്കൃത പദാർത്ഥങ്ങൾ കഴിയും വേഗത്തിൽ തുറമുഖത്തെത്തിക്കുക, സംസ്കൃത വസ്തുക്കൾ ബ്രിട്ടനിൽനിന്ന് ഇറക്കുമതി ചെയ്യുമ്പോൾ അത് കഴിയും വേഗം ഉപഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുക, അടിയന്തര ഘട്ടങ്ങളിൽ പട്ടാളത്തെ വേഗത്തിൽതന്നെ അസ്വസ്ഥമേഖലകളിൽ എത്തിക്കുക - ഇത്രയേ തീവണ്ടി ലക്ഷ്യമാക്കപ്പെട്ടിരുന്നുള്ളൂ.

കാരണം, ജനങ്ങളെല്ലാം കർഷകരായിരുന്നതിനാൽ യാത്ര ഒരു പ്രശ്നമേ ആയിരുന്നില്ല. രണ്ടാമത് സർവ്വത്ര അയിത്താചരണമായിരുന്നതിനാൽ ആർക്കും യാത്ര ചെയ്യാനാകുമായിരുന്നില്ല. അതിനാൽ ചരക്കു ഗതാഗതം മാത്രമായിരുന്നു തീവണ്ടിയുടെ ലക്ഷ്യം.

ഇരുപത്തൊന്നാം നൂറ്റാണ്ടായിട്ടും സ്ഥിതിയിൽ വലിയ മാറ്റമൊന്നുമില്ല. ഓഫീസ് സമയത്ത് അല്പം തിരക്കുണ്ടാകുമെന്നതൊഴിച്ചാൽ ബാക്കി സമയത്തെല്ലാം തീവണ്ടികൾ വെറുതെ ഓടുകയാണു ചെയ്യുന്നത്. ❑



# ഹിസ്സാറിൽ ഹസാരേ ടീമിന്നുണ്ടായ നാണക്കേട്

- അതുൽ ചൗറേസ്യ -

പലതുകൊണ്ടും ഹരിയാനയിലെ ഹിസ്സാർ ലോകസഭാ സീറ്റിൽ നടന്ന ഉപ തിരഞ്ഞെടുപ്പ് 1974 ൽ മധ്യപ്രദേശിലെ ജബൽപൂർ ഉപതിരഞ്ഞെടുപ്പുമായി സാദൃശ്യം വഹിക്കുന്നുണ്ട്. അഴിമതി വിരുദ്ധ പ്രക്ഷോഭണത്തിന്നിറങ്ങിയ ജയപ്രകാശ് നാരായണൻ ജനതാ പാർട്ടിയുടെ ലേബലിൽ ശരദ് യാദവിനെ സ്ഥാനാർത്ഥിയാക്കി മത്സരിപ്പിച്ച ഉപതിരഞ്ഞെടുപ്പായിരുന്നു 1974 ലേത്. ആ തിരഞ്ഞെടുപ്പിൽ യാദവിന്നുണ്ടായ വിജയമാണ് ഇന്ദിരാഗാന്ധിയെ ക്ഷോഭിപ്പിച്ചതും അടിയന്താവസ്ഥയിലേക്കും മറ്റും നാടിനെ തള്ളിയിട്ടതും.

ഹരിയാനയിലെ ഹിസ്സാറിൽ ഹസാരെയുടെ അഴിമതി വിരുദ്ധ പ്രസ്ഥാനം കുറെയേറെ ഒച്ചപ്പാടുണ്ടാക്കി അവിടെ കോൺഗ്രസ്സ് തോൽക്കുമെന്നും, അതിന്ന് വളരെയേറെ പ്രത്യാഘാതമുണ്ടാകുമെന്നും പുറമെയുള്ളവർ കരുതിയിരുന്നു.

തിരഞ്ഞെടുപ്പിന്ന് ഇറങ്ങില്ലെന്ന ഹസാരെയുടെ പ്രഖ്യാപനം തന്നെ സ്വന്തമായി ഒരു സ്ഥാനാർത്ഥിയെ നിർത്താനുള്ള സാധ്യത ഒഴിവാക്കിയിരുന്നു; നേരെ മറിച്ച് കോൺഗ്രസ്സ് വിരുദ്ധമായ ഒരു നിഷേധാത്മ നയത്തിലേക്കാണ് ഹസാരെയെ നയിച്ചത്. കോൺഗ്രസ്സ് സ്ഥാനാർത്ഥിയായ ജയപ്രകാശിന്ന് (50) എതിരായ ഒരു പ്രചരണമായിരുന്നു അത്. തീർത്തും അജ്ഞാതനായ ഒരു മനുഷ്യനായിരുന്നു ഈ ജയപ്രകാശ്. ആരെല്ലാം മത്സരിച്ചാലും ശരി ജയപ്രകാശ് മൂന്നാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടിവരുമായിരുന്നു. പ്രതീകാത്മകമായി പറഞ്ഞാൽ മത്സരം ഗംഭീരമായിരുന്നു. ആരു ജയിച്ചാലും കോൺഗ്രസ്സ് തോറ്റുവെന്നു പറയാമായിരുന്നു. പക്ഷെ ഹിസ്സാർ നിയോജകമണ്ഡലത്തിൽ അഴിമതി വിരോധം ഒരു പ്രശ്നമേ ആയിരുന്നില്ല.

ജൂൺ മൂന്നാം തിയ്യതി ഭജൻലാൽ മരിച്ചതുമൂലം വേണ്ടിവന്ന ഉപതിരഞ്ഞെടുപ്പായിരുന്നു ഇത്. ഭജൻലാലിന്റെ മകൻ കുൽദീപ് വിഷ്ണോയിയും ഓം പ്രകാശ് ചൗതാലയുടെ മകൻ അജയ ചൗതാലയുമാണ് മത്സര രംഗത്തുണ്ടായിരുന്ന പ്രധാന സ്ഥാനാർത്ഥികൾ. ഹരിയാന ജനഹിത കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായിരുന്നു വിഷ്ണോയ്. അദ്ദേഹത്തിന്ന് ബി.ജെ.പി. പിന്തുണയും ഉണ്ടായിരുന്നു. ചൗതാലയാകട്ടെ, ഇന്ത്യൻ നാഷനൽ ലോക് ദളത്തിന്റെ സ്ഥാനാർത്ഥിയുമായിരുന്നു. ഈ രണ്ടു പാർട്ടികളും കോൺഗ്രസ്സിൽനിന്നു പിളർന്നു പോയവയാണ്. രണ്ടു പാർട്ടിക്കും ഉഗ്രൻ നേതാക്കന്മാരുമുണ്ട്. സാക്ഷാൽ കോൺഗ്രസ്സാകട്ടെ ദുർബ്ബലനായ ജയപ്രകാശിനെ പിടിച്ച് സ്ഥാനാർത്ഥിയാക്കുകയാണ് ചെയ്തത്. ആരെ നിർത്തിയാലും തോൽക്കുമെന്ന് കോൺഗ്രസ്സിന്നറിയാമായിരുന്നു.

കോൺഗ്രസ്സിൽ തമ്മിൽതല്ല് രൂക്ഷമായ കാലമാണിത്. 2004 ൽ ഇവിടെ ജയപ്രകാശ് ജയിച്ചിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. രാജ്യസഭാംഗവും പ്രമുഖ ജാട്ട് നേതാവുമായ വീരേന്ദ്ര സിങ് ഹിസ്സാറിൽ തന്റെ മകന് സീറ്റ് ഉറപ്പാക്കാൻ ശ്രമിക്കുന്നു. ഹൈക്കമാൻഡ് അത് അവഗണിച്ചു. കുമാരി സേലിജക്കും ഈ സീറ്റിൽ കണ്ണുണ്ടായിരുന്നു. ശൂരട്ടവാല ഇപ്പോൾ ഹരിയാനയിലെ മരാമത്തു മന്ത്രിയാണ്.

# അഴിമതി വേട്ടക്കാരെ സർക്കാർ വേട്ടയാടുന്നു

**- അനുരാധ രാമൻ -**

**അ**ഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്ന് ജനങ്ങൾ അഹമിഹമികയാ നൽകുന്ന സംഭാവനകൾ കണ്ട് ഞങ്ങൾതന്നെ അത്ഭുതപ്പെട്ടുപ്പോയി. രശീതി കൂടാതെ ഞങ്ങൾ ഒരു രൂപപോലും സ്വീകരിച്ചിട്ടില്ല. പബ്ലിക് കോസ് റിസർച്ച് ഫൈണ്ടേഷന്റെ പേരിലാണ് രശീതി നൽകുന്നതെന്ന് ജനങ്ങൾക്കു പോലും അറിയാം. എന്നിട്ടും ഞങ്ങൾക്കെതിരെ എന്തിനാണിങ്ങനെ ഒരു ദുഷ്പ്രചരണം? അരവിന്ദ് കേസരി വാളിന്റെ ചോദ്യമതാണ്. അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്നു ലഭിക്കുന്ന സംഭാവന എന്തിനാണ് കേസരിവാളിന്റെ നിയന്ത്രണതിതിലുള്ള ഫൗണ്ടേഷനിൽ നിക്ഷേപിക്കുന്നത് എന്നസ്വാമി അഗ്നിവേശിന്റെ ചോദ്യത്തിന്നുള്ള മറുപടിയാണത്.

അന്ന ഹസാരെയുടെ അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്ന് കുറെ തിക്താനുഭവങ്ങൾ നൽകിക്കൊണ്ടാണ് ഒക്ടോബർ കടന്നുപോയത്. ഗവർമ്മേണ്ട് അതിന്റെ പ്രചരണയന്ത്രം ഹസാരെ പ്രസ്ഥാനത്തിന്നെതിരായി അഴിച്ചുവിട്ടിരിക്കുകയാണെന്നു പ്രസ്ഥാനത്തിലുള്ളവർ കരുതുന്നു. ഹസാരെ ടീമിലെ അംഗങ്ങളെ വേട്ടയാടുന്നത് പോലും ഒരു നിശ്ചിത രീതിയിലാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. "ഞങ്ങളെ മുഴുവൻ തൂക്കികൊല്ലാണമെങ്കിൽ ആയിക്കൊള്ളൂ. പക്ഷെ അതിന്നുമുമ്പ് ലോകപാൽ ബിൽ പാസാക്കൂ". എന്നു പോലും കേസരി വാൾ വെല്ലുവിളിച്ചു. ഗവർമ്മേണ്ട് ആദ്യംതന്നെ ആദായ നികുതി വകുപ്പുകാരെ കയറൂരി വിടും. അതു കഴിഞ്ഞാൽ പോലീസ്, സി.ബി.ഐ. തുടങ്ങിയവരെ വിടും. അഴിമതി വിരുദ്ധ വേട്ടക്കാരെല്ലാം അഴിമതിക്കാരാണെന്ന് സ്ഥാപിക്കാനൊന്നും കഴിഞ്ഞില്ലെങ്കിലും എന്തോ തകരാറുണ്ടെന്നൊരു തോന്നലുണ്ടാക്കാൻ ഇതെല്ലാം സഹായിക്കുന്നു.

ആദായ നികുതി വകുപ്പുകാരുടെ വേട്ടക്ക് ആദ്യം ഇരയായത് ആദായ നികുതി വകുപ്പിൽ നിന്ന് രാജിവച്ചിറങ്ങി ➡ പ്പോന്ന കേസരിവാൾ തന്നെയായിരുന്നു. ഒന്നും കണ്ടെത്തിയില്ലെങ്കിലും ആദായ നികുതി വകുപ്പുകാർ സ്വന്തം ഓഫീസിൽനിന്നു പോയവനെത്തന്നെ വേട്ടയാടിയെന്ന നാണക്കേട് അവശേഷിക്കുന്നു. കേസരിവാൾ രാജിവയ്ക്കുന്നതിന്നുമുമ്പ് എന്തോ വാങ്ങിയിരുന്നു. അത് തിരിച്ചടക്കാൻ കേസരിവാളിന്റെ ശിഷ്യന്മാരായിരുന്നവർ ആവശ്യപ്പെട്ടു.

ഒക്ടോബറിന്നു മുമ്പുതന്നെ ഗവർമ്മേണ്ട് വേട്ട ആരംഭിച്ചിരുന്നു. അഴിമതി വിരുദ്ധ പ്രസ്ഥാനം ജനശ്രദ്ധ പിടിച്ചുപറ്റാൻ തുടങ്ങിയത് ഏപ്രിലിലാണ്. ലോകപാൽ ബിൽ സംബന്ധിച്ച ചർച്ചയിൽ പൗരസമൂഹത്തിന്റെ പ്രതിനിധികളെക്കൂടി പങ്കാളികളാക്കാൻ സർക്കാർ നിർബ്ബന്ധിതമായത് ഏപ്രിലിലാണ്. ഹസാരെ ടീമിൽനിന്നുള്ളവരെ കൂടി സർക്കാർ ചർച്ചയിൽ പങ്കാളികളാക്കി. സീസറിന്റെ ഭാര്യ സംശയത്തിന്നതീതമാകണമെന്നാണല്ലൊ സങ്കല്പം. അതുകൊണ്ട് ചോദ്യങ്ങൾ ഉയർന്നുവന്നു. നാടുനന്നാക്കാനായി ആദായനികുതി വകുപ്പിൽനിന്നു രാജി വച്ചുപോന്ന കേസരിവാൾ തിരിച്ചടക്കേണ്ടതെല്ലാം അടച്ചുതീർത്തുവോ? പോലീസ് വിട്ട കിരൺ ബേദി കണക്കിൽ കൃത്രിമം കാണിച്ചിട്ടുണ്ടോ? ഉയർന്ന ക്ലാസിൽ യാത്ര നടത്താൻ അവകാശമുണ്ടെങ്കിലും അവർ യഥാർത്ഥത്തിൽ താഴ്ന്ന ക്ലാസിലല്ലേ യാത്ര ചെയ്തത്? എന്നിട്ടും ഉയർന്ന ക്ലാസിലെ ചാർജ്ജ് എഴുതി വാങ്ങിയില്ലേ? ബേദി അധികമായി വസൂലാക്കിയ പണം അവരുടെ പ്രിയപ്പെട്ട പ്രസ്ഥാനത്തിന്റെ ആവശ്യത്തിന്ന് ഉപയോഗപ്പെടുത്തിയതായി ആശീസ് നന്ദി പറയുന്നു. വർണ പകിട്ടേറിയ, കൂസലില്ലാത്ത ഒരു ഉദ്യോഗസ്ഥയായിരുന്നു ബേദി. അവരുടെ ഇന്നത്തെ വിഷമത്തിൽ സന്തോഷിക്കുന്നവരാണ് കീഴുദ്യോഗസ്ഥരായിരുന്നവരിലധികവും.

അതുപോകട്ടെ. ഹസാരെ ടീമിൽ പെട്ടവരിൽ മിക്കവരേയും ആക്രമിക്കുന്നത് തികഞ്ഞ ചിട്ടയോടെയാണെന്നു കാണാം. പക്ഷെ ഇത് ജനങ്ങൾക്കുള്ള മതിപ്പിനെ ബാധിക്കുമെന്നു തോന്നുന്നില്ല. നമുക്ക് ആദ്യം തന്നെ അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്ന് നേതൃത്വം നൽകിയിരുന്നവരിലൊരാളായ സ്വാമി അഗ്നിവേശ് പറയുന്നതെന്താണെന്ന് നോക്കാം. കേസരിവാളിന്റെ പ്രസ്ഥാനത്തിന്ന് സംഭാവന നൽകിയവർ ആരെല്ലാമാണെന്ന അദ്ദേഹം ചോദിക്കുന്നു. ലോകപാൽ ബിൽ തയ്യാറാക്കുന്ന കമ്മിറ്റിയിൽ ഒരംഗമാകണമോ എന്ന് തന്നോടോ കിരൺ ബേദിയോടോ ആരും ചോദിക്കുകപോലും ചെയ്തില്ലെന്നതാണ് അഗ്നിവേശിന്റെ പ്രധാന പരാതി.

തന്റെ കൈവശം വന്ന പണത്തിന്റെ കണക്ക് ഓഡിറ്റ് ചെയ്തുവരികയാണെന്നു കേസരിവാൾ പറഞ്ഞു. സംഭാവനകൾ തന്റെ സ്ഥാപനം വഴിയാണ് കൈകാര്യം ചെയ്യുക എന്ന് എല്ലാവർക്കും ആദ്യമേ അറിയാമായിരുന്നു. കാരണം അതിന്നൊരു സംഘടനയും ബാങ്ക് എക്കൗണ്ടുമുണ്ട് ഹസാരെയുടെ നേതൃത്വത്തിലുള്ള അഴിമതി വിരുദധ പ്രസ്ഥാനത്തിന്ന് ഒരു സംഘടനയില്ല. ബാങ്ക് എക്കൗണ്ടുമില്ല എന്ന് കേസരിവാൾ ചൂണ്ടിക്കാട്ടുന്നു.

അഴിമതി വിരുദ്ധ പ്രസ്ഥാനത്തിൽനിന്നും ക്രമേണ അകന്നു പോകുന്നതാണ് സ്വാമി അഗ്നിവേശിന്റെ ക്ഷോഭത്തിന്നു കാരണമെന്നു മറ്റുള്ളവർ പറയുന്നു. വാസ്തവത്തിൽ പ്രസ്ഥാനത്തിന്റെ മുൻനിരയിലെ നേതാവായിരുന്നു അഗ്നിവേശ്. അതിന്നിടയിൽ ആരോ രഹസ്യമായി ഒരു ടേപ്പ് സംഘടിപ്പിച്ച് പ്രചരിപ്പിക്കാൻ തുടങ്ങി. അഗ്നിവേശിനെ ഗവർമ്മേണ്ടിന്റെ ഏജന്റാക്കുന്ന വിധത്തിലുള്ളതാണ് ടേപ്പ്. അത് ആരുണ്ടാക്കി, ആരു സംഘടിപ്പിച്ചു എന്നൊന്നും വ്യക്തമല്ല. ഹസാരെ, കിരൺ ബേദി, കേസരിവാൾ എന്നിവർ അത് ഏതാണ്ട് വിശ്വസിച്ചു. അഗ്നിവേശിനെ ഏറ്റവുമധികം വേദനിപ്പിച്ചത് അതാണ്.

---

ഹസാരെ ടീമിന്റെ ലക്ഷ്യമെന്തായിരുന്നു? ഹസാരെ ടീമിലെ പ്രമുഖാംഗമായ കേസരിവാളിന്റെ സ്വദേശമാണ് എന്നതൊഴിച്ചാൽ അവർക്കൊരു ലക്ഷ്യവുമില്ലായിരുന്നു. ഏതായാലും തോൽക്കുമായിരുന്ന കോൺഗ്രസ്സ് സ്ഥാനാർത്ഥിയെ തോൽപ്പിക്കാൻ ആഹ്വാനം ചെയ്യുന്നത് നിഷേധാത്മകമായിരുന്നു. ഒരു സ്ഥാനാർത്ഥിക്കോ ഒരു പാർട്ടിക്കോ വോട്ടു ചെയ്യാൻ ആവശ്യപ്പെടുന്നതിന്ന് ഒരർത്ഥമുണ്ട്. എന്നാൽ ഒരു ഡസനോളം സ്ഥാനാർത്ഥികളും പാർട്ടികളും മത്സരിക്കുന്നിടത്ത് ഒരു സ്ഥാനാർത്ഥിയേയോ ഒരു പാർട്ടിയേയോ തോൽപ്പിക്കാൻ ആഹ്വാനം ചെയ്യുന്നത് നിരർത്ഥകമാണ്.

ഹസാരേയുടെ ആഹ്വാനമൊന്നുമായിരുന്നില്ല ഹിസ്സാറിലെ നിർണായക ഘടകം. അത് ജാതി ചിന്തയായിരുന്നു. ഹിസ്സാറിലെ ആകെ വോട്ടർമാർ 12 ലക്ഷമായിരുന്നു. ഇതിൽ നാലര ലക്ഷം വോട്ടർമാർ ജാടുകളാണ്. ഈ ഒരൊറ്റ ഘടകംകൊണ്ടുതന്നെ പാർട്ടികളുടെ ജയാപജയങ്ങൾ നിർണയിക്കാം. അജയ് ചൗതാലയും കോൺഗ്രസ്സ് സ്ഥാനാർത്ഥി ജയപ്രകാശും ജാട്ടുകളാണ് വോട്ടർമാരിൽ മറ്റൊരു വലിയ വിഭാഗം ദളിതുകളാണ്. വിഷണോയ് ഹരിയാനയിലെ ദളിത് നേതാവായ ബലവാൻ ആര്യയുടെ പിന്തുണ സമ്പാദിച്ചിരുന്നു. ❑

ഗവർമ്മേണ്ടിന്റെ രണ്ടാമത്തെ ലക്ഷ്യം കിരൺ ബേദിയായിരുന്നു. രാഷ്ട്രീയക്കാർക്കെതിരെ ആക്ഷേപ ഹാസ്യം രചിക്കുന്നതിൽ അതിവിദഗ്ധയാണ് കിരൺ. രാഷ്ട്രീയക്കാരെയെല്ലാം മുഖം നോക്കാതെ നിന്ദിക്കുമെന്നു മാത്രമല്ല പൊതു പ്രവർത്തകരേയും അവർ കളിയാക്കാറുണ്ട്. ഇതിലൊന്നും ഇന്നേവരെ അവർ ഒരു ക്ഷമാപണം നടത്തുക പോലും ചെയ്തിട്ടില്ല. വല്ലാത്ത അഹന്തയാണവർ പ്രകടിപ്പിച്ചിരുന്നത്. അതിനാൽതന്നെ കക്ഷി ഭേദമില്ലാതെ എല്ലാവരും കിരൺ ബേദിയെ ശത്രുവായി കാണുന്നു. അതിന്റെ കണക്കു തീർക്കാനുള്ള ഒരവസരമാക്കി അവരിതിനെ മാറ്റിയിരിക്കുന്നു. കിരൺ ബേദിയെ പല ചടങ്ങുകൾക്കും ആൾക്കാർ ക്ഷണിക്കാറുണ്ട്. രാഷ്ട്രപതിയിൽനിന്ന് അവാർഡ് വാങ്ങിയിട്ടുള്ള കിരൺ ഉയർന്ന ക്ലാസിൽ സഞ്ചരിക്കാനുള്ള സംഖ്യ വസൂലാക്കാറുണ്ട്. എന്നാൽ താഴ്ന്ന ക്ലാസിലേ അവർ യാത്ര ചെയ്യാറുള്ളു. ചിലർ ഇതിപ്പോൾ കുത്തിപ്പൊക്കി ഇതിന്ന് അഴിമതിയുടെ ഒരു നിറം കൊടുത്തിട്ടുണ്ട്. യഥാർത്ഥത്തിൽ അവർ വസൂലാക്കുന്ന അന്തരവും യഥാർത്ഥ യാത്രച്ചെലവും തമ്മിലുള്ള വ്യത്യാസം സന്നദ്ധ പ്രവർത്തനങ്ങൾക്കായാണ് അവർ ഉപയോഗിക്കാറുള്ളത്. യാത്രക്ക് യഥാർത്ഥത്തിൽ വന്ന വിമാനക്കൂലി വിട്ട് കൂടുതൽ വസൂലാക്കിയതിന്ന് ഒരു ന്യായീകരണം കണ്ടെത്തുക എളുപ്പമല്ല.

സർക്കാരിന്റെ മൂന്നാമത്തെ ലക്ഷ്യം കോടതിയിലെ അഭിഭാഷകനായ പ്രശാന്ത് ഭൂഷണാണ്. പാവങ്ങളെ ബാധിക്കുന്ന ഒട്ടേറെ പൊതുതാല്പര്യ ഹർജികൾ ഒറ്റക്ക് കൈകാര്യം ചെയ്ത് ഗവർമ്മേണ്ടിനെ വളരെയേറെ വെള്ളം കുടിപ്പിച്ച ആളാണ് പ്രശാന്ത് ഭൂഷൺ. അതിൽ ഏറ്റവും ഒടുവിലത്തേതാണ് 2-ജി കുംഭകോണം മൻമോഹൻ സിങ്ങിന്റെ ഗവർമ്മേണ്ടിന്റെ നിലനിൽപുതന്നെ ഇന്നു അപകടത്തിലാണ്. പ്രശാന്ത് ഭൂഷനെ വേട്ടയാടാൻ കണ്ടുപിടിച്ച വിദ്യയാണ് അസാധാരണമായത്.

സെപ്തംബർ 24ന്ന് വാരണസിയിൽ നടന്ന ഒരു പൊതുയോഗത്തിൽ പ്രശാന്ത് പ്രസംഗിച്ചിരുന്നു. ശ്രോതാക്കളിൽ ഒരാൾ ഒരു ചോദ്യം ഉന്നയിച്ചു. ലോകപാൽ ബില്ലിനെക്കുറിച്ച് നിങ്ങൾ പലേടത്തും ഹിതപരിശോധന നടത്തുകയുണ്ടായി. അപ്പോൾ കാശ്മീരിനെക്കുറിച്ച് എന്തുപറയുന്നു എന്നതായിരുന്നു ചോദ്യം. ആദ്യംതന്നെ ജനങ്ങളുടെ അഭിപ്രായം ആരായണം. ഹിത പരിശോധന വേണമെന്നാണ് ജനങ്ങൾ പറയുന്നതെങ്കിൽ അതു നടത്തുക തന്നെ വേണം എന്ന് പ്രശാന്ത് ഭൂഷൺ പറഞ്ഞു.

ആരും അതു കാര്യമാക്കിയില്ലെന്ന് വ്യക്തം. ആരിൽനിന്നും ഒരു പ്രതികരണവുമുണ്ടായില്ല. രണ്ടാഴ്ചക്കു ശേഷമാണ് ഇത് ദൽഹിയിലെത്തുന്നത്. അവിടെ അതൊരു പ്രധാന കാര്യമാക്കി മാറ്റപ്പെട്ടു. അങ്ങനെയാണ് പ്രശാന്ത് ഭൂഷൺ ആക്രമിക്കപ്പെട്ടത്. ഇതിന്റെ പിന്നിൽ വേറെ കാര്യങ്ങളുണ്ടെന്നു മനസ്സിലാക്കുക എളുപ്പമാണ്. പ്രശാന്തിന്റെ പ്രസ്താവന വിശദീകരിക്കാൻ ഇത്തരം ആക്രമണങ്ങൾ പ്രതീക്ഷിക്കാവുന്നതേയുള്ളൂ. തേനീച്ചക്കൂട്ടിൽ കയ്യിട്ടാൽ ചിലത് കുത്തുകതന്നെ ചെയ്യും എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

അതിന്നു മുമ്പുതന്നെ പ്രശാന്ത് ഭൂഷണന്റെ പിതാവായ ശാന്തി ഭൂഷണനെ കുഴിയിൽ വീഴ്ത്താൻ ഒരു ശ്രമം നടത്തിയിരുന്നു. ശാന്തി ഭൂഷൺ സമാജ്‌വാദി പാർട്ടിയുടെ നേതാക്കന്മാരായ അമർ സിങ്ങായും മുലായം സിങ്ങായും നടത്തിയ സംഭാഷണങ്ങളുടെ കാസറ്റ് എന്ന പേരിൽ രണ്ടു കോംപാക്ട് ഡിസ്കുകൾ പുറത്തുവന്നിരുന്നു. ചണ്ഡീഗഡിലെ സർക്കാർ ഫോറൻസിക് ലാബറട്ടറിയിലും അമേരിക്കയിലെ ഒരു സ്വകാര്യ ലാബറട്ടറിയിലും അവ പരിശോധിപ്പിച്ചു. സിഡികൾ കൃത്രിക സൃഷ്ടികളാണെന്ന് വ്യക്തമായതിനാൽ പിന്നീട് അതും വച്ചുള്ള കളി നടന്നില്ല.

ഇപ്പോൾ പിൻതിരിഞ്ഞു നോക്കുമ്പോൾ അന്ന ഹസാരെ ടീമിൽ പെട്ട എല്ലാവരും തന്നെ വേട്ടക്ക് ഇരയായിട്ടുണ്ടെന്നു കാണാം. കഴിഞ്ഞ ഏപ്രിലിൽ കോൺഗ്രസ് നേതാവായ ദിഗ് വിജയ് സിങ്ങും സന്തോഷ് ഹെഗ്ഡെക്കെതിരായി ഒരു വെടി പൊട്ടിച്ചു. കർണാടക ലോകായുക്തയായിരിക്കാനുള്ള അദ്ദേഹത്തിന്റെ യോഗ്യതയെ ചോദ്യം ചെയ്യുന്ന ഒന്നായിരുന്നു അത്. അന്ന് ബി.ജെ.പി. നേതായവായിരുന്ന യെദ്യൂരപ്പയായിരുന്നു മുഖ്യമന്ത്രി. ഹെഗ്ഡെ അതിനെ തന്റേടത്തോടെ നേരിട്ടു. കയ്യോടെ രാജി തരാമെന്ന് ഹെഗ്ഡെ പറഞ്ഞു. ഇതിന്റെ പിന്നിൽ നീണ്ടൊരു കഥയുണ്ടെന്ന് അറിവുള്ളവർ പറയുന്നു. ഹെഗ്ഡെക്കെതിരെ ആരോപണം ഉന്നയിച്ചത് കോൺഗ്രസ് നേതായവായ ദിഗ് വിജയ സിങ്ങാണ്. ദിഗ് വിജയ് പണ്ട് മധ്യപ്രദേശ് മുഖ്യമന്ത്രിയായിരുന്നു. ഹെഗ്ഡെ അന്നു സുപ്രീം കോടതി ജഡ്ജിയുമായിരുന്നു. ദിഗ് വിജയ സിങ്ങിന്റെ മന്ത്രിസഭാംഗങ്ങളിൽ രണ്ടുപേർക്കെതിരെ അന്ന് അഴിമതിയാരോപണം ഉയർന്നുവന്നു. ഹെഗ്ഡെ അന്ന് ദിഗ് വിജയ് സിങ്ങിന്റെ ഗവർമ്മേണ്ടിന്നെതിരെ ചില പരാമർശങ്ങൾ നടത്തിയിരുന്നു. അതിന്റെ പക വീട്ടാനാണ് ദിഗ് വിജയ് ഈ അവസരം വിനിയോഗിച്ചത്.

രാഷ്ട്രീയത്തിന്റെ ഗതിവിഗതികളെ വിശകലനം ചെയ്യുന്നതിൽ വിദഗധനായ യോഗേന്ദ്ര യാദവ് ഹസാരെ ടീമിന്നെതിരായ ആക്രമണങ്ങൾ ആസൂത്രിതമാണെന്ന് പറയുന്നു. ഹസാരെ ടീമിന്നെതിരായ ആക്രമണങ്ങൾ രാഷ്ട്രീയ മണ്ഡലത്തിൽനിന്നു മാത്രമല്ല ഉണ്ടാകുന്നത്. മാധ്യമങ്ങളിൽ ചിലതും ഹസാരെ ടീമിനെ കടന്നാക്രമിക്കുന്നതിൽ മുന്നിട്ടു നിൽക്കുന്നുണ്ട്. ആരെന്തു വെളിപ്പെടുത്തുന്നുവെന്നതു മാത്രമല്ല എങ്ങനെ വെളിപ്പെടുത്തുന്നുവെന്നും ജനങ്ങൾ ശ്രദ്ധിക്കാതിരിക്കില്ല. കേസരിവാൾ ഒന്നും മറച്ചു വയ്ക്കുന്നില്ല. എന്നാൽ ബേദിയുടെ സ്ഥിതി അതല്ല അവരുടെ പ്രവൃത്തികളിൽ ചിലത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

ഇതൊക്കെ ഒരു സംശയം ജനിപ്പിക്കുന്നു. അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്റെ തിളക്കം നഷ്ടപ്പെട്ടുവോ? "ഇല്ല" എന്നു തന്നെ ആശിസ് നന്ദി തറപ്പിച്ചു പറയുന്നു. അതിഗംഭീരമായി തുടങ്ങിയ ഒരു പ്രസ്ഥാനത്തിന്ന് ഇങ്ങനെയൊക്കെ വന്നു കൂടുന്നുവെന്നത് നിർഭാഗ്യകരമാണ്" എന്നാണ് മുമ്പ് അറ്റോർണി ജനറലായിരുന്ന സോളി സോറാബ്ജി പറയുന്നത് അഴിമതി കണ്ട് മതിയും കൊതിയും തീർന്ന ആളുകൾ അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്റെ മൂർത്തിമൽ ഭാവമായിട്ടാണ് ഹസാരെയെ കാണുന്നത്. അദ്ദേഹം രാഷ്ട്രീയത്തിന്നെല്ലാം അതീതമായി കാണപ്പെടണമെന്നത് പ്രധാനമാണ് എന്ന് അദ്ദേഹം പറയുന്നു. ഈ പ്രസ്ഥാനത്തിൽനിന്ന് രാഷ്ട്രീയത്തെ അകറ്റി നിർത്തണം എന്നാണ് സോറാബ്ജി പറയുന്നത്.

അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്ന് അല്പമൊരു മാറ്റം വരുന്നുണ്ടെന്നത് വ്യക്തമാണ്. അതിപ്പോൾ രാഷ്ട്രീയത്തെപ്പോലും പരാമർശിച്ചു തുടങ്ങിയിട്ടുണ്ട്. ഒരു പ്രസ്ഥാനം വിജയിച്ചു തുടങ്ങുമ്പോൾ ചില അതിർത്തി ലംഘനങ്ങൾ അനിവാര്യമാണെന്ന് യാദവ് പറയുന്നു. പക്ഷെ പ്രസ്ഥാനത്തിന്റെ ലക്ഷ്യബോധത്തിന്ന് ഇതുവരെ മാറ്റം വന്നതായി കാണുന്നില്ല. അധികാരത്തിലിരിക്കുന്നവർക്ക് ഉത്തരവാദിത്വബോധവും വേണമെന്നതാണ് പ്രധാനം. അതിൽ മാറ്റമില്ല, സമരക്കാർക്ക് ശക്തി കിട്ടുന്നത് ധാർമ്മിക ബോധത്തിൽനിന്നാണ് അതിനാൽ ഹസാരെ ടീമിലെ അംഗങ്ങൾ ആദ്യംതന്നെ ഉത്തരവാദിത്വ ബോധം പ്രകടിപ്പിക്കണമെന്നത് പ്രധാനമാണ്. ❑

# പാർട്ടികളിലും ജനാധിപത്യം നിർബ്ബന്ധമാക്കണം

**രാ**ഷ്ട്രീയ കക്ഷികളിൽ ആഭ്യന്തര ജനാധിപത്യമുണ്ടെന്ന് ഉറപ്പുവരുത്താൻ എലക്ഷൻ കമ്മീഷൻ നടപടിയെടുക്കാൻ വൈകിയിരിക്കുന്നുവെന്നു മുൻ ചീഫ് എലക്ഷൻ കമ്മീഷണറായിരുന്ന ജെ.എം. ലിങ്ഡോ ഗോവയിലെ ഒരു യുവജനകൺവെൻഷനിൽ ആവശ്യപ്പെട്ടു. പാർട്ടികളിലെല്ലാം യഥാർത്ഥമായ സംഘടനാ തിരഞ്ഞെടുപ്പ് നടക്കുന്നുണ്ടെന്ന് എലക്ഷൻ കമ്മീഷൻ നടപടിയെടുക്കണം.

പണ്ട് ശേഷൻ ചീഫ് എലക്ഷൻ കമ്മീഷണറായിരുന്ന കാലത്ത് പാർട്ടികളിൽ സംഘടനാ തിരഞ്ഞെടുപ്പ് നിർബ്ബന്ധമാക്കിയിരുന്നു. പക്ഷെ അദ്ദേഹത്തിന് അതു സംബന്ധിച്ച കല്പന നടപ്പാക്കാൻ കഴിഞ്ഞില്ല. ശരിക്കും സംഘടനാ തെരഞ്ഞെടുപ്പു നടത്താത്ത പാർട്ടികൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുമതി നൽകില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്ന് തദനുസൃതമായ മേൽനടപടിയെടുക്കാൻ ഗവർമ്മേണ്ടിൽനിന്നോ കോടതിയിൽനിന്നോ പിൻബലം ലഭിച്ചില്ല. അതിനാൽ എലക്ഷൻ കമ്മീഷന്റെ അന്നത്തെ കല്പന ഇപ്പോഴും ഏട്ടിലെ പശുവായി അവശേഷിക്കുന്നു. ശേഷന്നുശേഷം ചീഫ് എലക്ഷൻ കമ്മീഷണറായി വന്നവർക്കൊന്നും ഈ പുലിവാലിൽ കയറിപിടിക്കാനുള്ള ധൈര്യമുണ്ടായില്ല.

സൽഭരണവും തിരഞ്ഞെടുപ്പു പരിഷ്ക്കാരങ്ങളും എന്ന വിഷയത്തെക്കുറിച്ചുള്ളതായിരുന്നു ലിങ്ഡോവിന്റെ പ്രഭാഷണം. ഇത്തരമൊരു കല്പന നടപ്പാക്കാൻ എലക്ഷൻ കമ്മീഷന്നുള്ള അധികാരം സുപ്രീം കോടതി അംഗീകരിച്ചിരുന്നു. എന്നാൽ പിന്നീട് അധികാരമേറ്റ ഒരു ചീഫ് എലക്ഷൻ കമ്മീഷണറും ഇതു നടപ്പാക്കാൻ ശ്രമിച്ചിട്ടില്ല. സംഘടനാ തെരഞ്ഞെടുപ്പു നടത്തുകയും ഭാരവാഹികളുടെ ലിസ്റ്റ് എലക്ഷൻ കമ്മീഷന്ന് സമർപ്പിക്കുകയും വേണമെന്നായിരുന്നു അന്നത്തെ കല്പന. എന്നാൽ ഇതനുസരിച്ച് സംഘടനാ തിരഞ്ഞെടുപ്പ് നടത്തുന്നുണ്ടോ എന്നു എലക്ഷൻ കമ്മീഷൻ പരിശോധിക്കുന്നില്ല. വിവിധ കക്ഷികൾ നടത്തിയ തിരഞ്ഞെടുപ്പിന്റെ പട്ടിക എന്ന പേരിൽ ഒരു പട്ടിക എലക്ഷൻ കമ്മീഷന്ന് സമർപ്പിക്കുകയും എലക്ഷൻ കമ്മീഷൻ അന്ധമായി അത് അംഗീകരിക്കുകയുമാണ് ഇപ്പോൾ ചെയ്തുവരുന്നത്.

ലോകത്തിന്റെ വലിയൊരു ഭാഗത്ത് ചെറിയൊരു സംഘം ആളുകൾ ചേർന്നാണ് ജനാധിപത്യമെന്തെന്ന് തീരുമാനിക്കുന്നത്. രാഷ്ട്രീയ കക്ഷികളുടെ മേൽ ഇവർക്കുള്ള പിടി പൊട്ടിക്കാൻ കഴിഞ്ഞാൽ യഥാർത്ഥ ആഭ്യന്തര ജനാധിപത്യം നിലവിൽവരും. അത് രാഷ്ട്രീയത്തിലും ജനാധിപത്യത്തിലും യുവാക്കൾക്ക് അവസരമുണ്ടാക്കുകയും ചെയ്യും എന്ന് ലിങ് ഡോ പറഞ്ഞു.

18 വയസ്സിന്നും 21 വയസ്സിന്നും ഇടക്കു പ്രായമുള്ളവരെ വോട്ടർപട്ടികയിൽ ചേർക്കാൻ നടത്തുന്ന ശ്രമം അഭിനന്ദനീയമാണെന്ന് ലിങ്ഡോ സമ്മതിച്ചു. പക്ഷെ വോട്ടർ പട്ടികയിൽ ആളെ കൂട്ടിയതുകൊണ്ട് കാര്യമില്ല. അഞ്ചുകൊല്ലത്തിലൊരിക്കൽ വോട്ടുചെയ്യുന്നുണ്ടെന്നതുകൊണ്ട് അവർ രാഷ്ട്രീയ പ്രവർത്തനത്തിൽ വരുന്നില്ല. ജനാധിപത്യ പ്രക്രിയയിൽ അവർ പങ്കാളികളാകുന്നുമില്ല.

പങ്കാളിത്ത ജനാധിപത്യം എന്നു പറയുന്നതുതന്നെ അസംബന്ധമാണ്, പങ്കെടുക്കുന്ന ജനാധിപത്യമെന്നു പറയുന്നതായിരിക്കും കൂടുതൽ ശരിയാകുക. ➡

യുവ ജനങ്ങൾ ജനാധിപത്യ പ്രവർത്തനത്തിൽ പങ്കാളികളാകണം എന്ന് ലിങ് ഡോ ആവശ്യപ്പെട്ടു.

“ഫൗണ്ടേഷൻ ഫോർ അഡ്വാൻസ്ഡ് മാനേജ്മെന്റ് ഓഫ് എലക്ഷൻ” എന്നൊരു സന്നദ്ധ സംഘടനയുടെ ചെയർമാനാണ് ലിങ് ഡോ. യൂത്ത് കോൺഗ്രസ്സിൽ ആഭ്യന്തര ജനാധിപത്യം നടപ്പാക്കാൻ സഹായിച്ചുവരുന്ന സ്ഥാപനമാണിത്. ഇന്നത്തെ യുവാക്കൾക്ക് അവരുടേതായ ആവശ്യങ്ങളുണ്ടെന്നും അതുകൊണ്ട് അവർക്ക് അധികാരം പങ്കിട്ടു നൽകണമെന്നും ലിങ് ഡോ വാദിച്ചു. നമുക്കിന്നുള്ളത് സാർവ്വത്രിക വോട്ടവകാശം മാത്രമാണ്; ഇത് യഥാർത്ഥ ജനാധിപത്യമല്ല എന്ന് അദ്ദേഹം പറഞ്ഞു. ❑

# ജനാധിപത്യത്തിന്നെതിരെ മിശിഹാനിസം

- പ്രഭാത് പട്നായിക് -

**അ**ന്ന ഹസാരേയുടെ കാര്യത്തിൽ കേന്ദ്രഗവർമ്മേണ്ട് കളിച്ച കളി സുവിദിതമാണ്. കോൺഗ്രസ്സ് വക്താവ് ഹസാരേയെ വിമർശിക്കാവുന്നിടത്തോളം വിമർശിച്ചു. ഹസാരേ അഴിമതിക്കാരുടെ സംരക്ഷകനാണെന്നുവരെ കോൺഗ്രസ്സ് കുറ്റപ്പെടുത്തി. അതിന്നു ശേഷം ഹസാരേയുടെ ആദർശനിഷ്ഠയെ കോൺഗ്രസ്സ് വാഴ്ത്തി.

അതിന്നു ശേഷം പ്രത്യേകിച്ചൊരു കാരണവുമില്ലാതെ ഹസാരേയെ അറസ്റ്റ് ചെയ്ത് ഒരാഴ്ചത്തേക്ക് പോലീസ് കസ്റ്റഡിയിൽ വിട്ടു. അതുകഴിഞ്ഞ് അല്പം മണിക്കൂറുകൾക്കകം അദ്ദേഹത്തെ വിട്ടയച്ചു.

ഹസാരേയുടെ ചാഞ്ചാട്ടവും ഇത്രതന്നെ അമ്പരപ്പിക്കുന്നതായിരുന്നു. പ്രതിഷേധിക്കാൻ ഞങ്ങൾക്ക് ജനാധിപത്യപരമായ അവകാശമുണ്ടെന്നാണ് അദ്ദേഹം ആദ്യം പറഞ്ഞത്. ഹസാരേയുടെ വാദം തീർത്തും ശരിയായിരുന്നു. അതു കഴിഞ്ഞപ്പോൾ തന്റെ ബിൽ പാസാക്കാൻ താൻ മരണംവരെ ഉപവസിക്കുമെന്നായി അദ്ദേഹം. ഇത് കേന്ദ്രഗവർമ്മേണ്ടിന്റെ നേരെ തോക്കു ചൂണ്ടുന്നതിന്ന് തുല്യമായിരുന്നു. താൻ രൂപം നൽകിയ ബിൽ അതേപടി പാസാക്കാഞ്ഞാൽ കലാപമുണ്ടാക്കുമെന്നായിരുന്നു അതിന്നർത്ഥം.

ഗവർമ്മേണ്ടിന്റെ ചാഞ്ചാട്ടം അതിന്റെ അപ്രാപ്തിയെ കാണിക്കുന്നു. ഹസാരെയുടെ ചാഞ്ചാട്ടം ഒരു പ്രത്യേകതരം രാഷ്ട്രീയത്തിന്റെ ഉദയത്തെയാണ് കാണിക്കുന്നത്. ഇതിന്ന് മിശിഹാനിസം എന്നു പറയാം. ഇത് മൗലികമായിത്തന്നെ ജനാധിപത്യവിരുദ്ധമാണ്. ഇത് ഗുരുതരമായ ഉൽക്കണ്ഠയുളവാക്കേണ്ട ഒന്നാണ്. നമ്മുടെ രാഷ്ട്രീയം പഴഞ്ചൻ രീതികളിലേക്ക് വഴുതിപ്പോകുന്നുവെന്നാണിതിന്നർത്ഥം നമ്മുടെ ജനാധിപത്യത്തിന്റെ വേര് അടിയിലേക്കിറങ്ങിപ്പോയിട്ടില്ല എന്നാണിത് വ്യക്തമാക്കുന്നത്.

ഈ സ്ഥിതി മാറണമെങ്കിൽ ജനങ്ങളുടെ ബോധവൽക്കരണം കൂടിയേ തീരൂ. അതിന്നാകട്ടെ പൊതുയോഗങ്ങൾ, സംഘടിപ്പിക്കണം. യഥാർത്ഥ ജനകീയ നേതാക്കൾ പ്രശ്നങ്ങൾ വിശകലനം ചെയ്യണം. പത്ര റപ്പോർട്ടുകളും ലേഖനങ്ങളും ചർച്ചകളും അവതരിപ്പിക്കണം. ജനങ്ങളുടെ പങ്കാളിത്തം ഉറപ്പിക്കാനായിരിക്കണം ഇതെല്ലാം. ഈ പങ്കാളിത്തത്തിന്ന് സൗകര്യമുണ്ടാക്കുന്നുവെന്നതാണ് നേതാക്കന്മാർക്ക്

ഇതിലുള്ള പങ്ക്. ജനങ്ങളെ വശീകരിക്കാൻ കഴിവുള്ള നേതാക്കന്മാർ പോലും ജനങ്ങളുടെ പങ്കാളിത്തം കവർന്നെടുക്കരുത്.

മിശിഹാനിസത്വം ജനങ്ങളുടെ കൂട്ടായ പങ്കാളിത്തത്തെ കവരുകയാണ് ചെയ്യുന്നത്. അവിടെ മിശിഹ ഒരൊറ്റ ആൾ മാത്രമേയുള്ളൂ. ജനങ്ങൾ കൂട്ടത്തോടെ പങ്കെടുക്കുന്നുണ്ടാകാം. മിശിഹായുടെ പ്രവർത്തനങ്ങളിൽ അവർ സോത്സാഹം പങ്കെടുക്കുന്നുണ്ടാകാം. രാംലീലാ മൈതാനത്തു മിശിഹ പറഞ്ഞതുപോലെയെല്ലാം ജനങ്ങൾ പ്രവർത്തിച്ചിട്ടുണ്ടുമുണ്ടാകാം. ജനങ്ങൾ രാംലീല മൈതാനത്ത് കയറിയപ്പോഴെല്ലാം അവരുടെ ചിന്തയിൽ ഹസാരെ മാത്രമാണ് ഉണ്ടായിരുന്നത്.

ജനാധിപത്യമെന്നു പറഞ്ഞാൽ സമൂഹത്തിന്റെ കാര്യങ്ങൾ തീരുമാനിക്കുന്നതിൽ ജനങ്ങൾക്കുള്ള പങ്കാളിത്തമാണ്. അവർ ഇടക്കിടെ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുക മാത്രമല്ല ചെയ്യുന്നത്. തങ്ങളുടെ മനോഭാവം വ്യക്തമാക്കാൻ പ്രതിഷേധ പ്രകടനങ്ങൾ, പണിമുടക്കുകൾ, പൊതുയോഗങ്ങൾ എന്നിവ നടത്തുകയും ചെയ്യുന്നു. അവർക്ക് ഒരൊറ്റ മനോഭാവം മാത്രമല്ല ഉള്ളത്. ജനപ്രതിനിധികൾക്ക് തങ്ങളുടെ മനോഭാവത്തിലെ മാറ്റങ്ങൾ പ്രകടമാക്കാൻ പല മാർഗ്ഗങ്ങളുമുണ്ട്. അങ്ങനെ ചർച്ച മുന്നോട്ടു കൊണ്ടു പോകുന്നു. അതിന്ന് ജനങ്ങളെ ഉദ്ബുദ്ധരാക്കിക്കൊണ്ടിരിക്കണം. പൊതുയോഗങ്ങൾക്ക് ഇതിൽ വലിയ പങ്കുണ്ട്. അവിടെ ഒരൊറ്റ മനോഭാവത്തിന് സ്ഥാനമില്ല. വിവിധ അഭിപ്രായങ്ങൾ പ്രകടിതമാകും എന്നതാണ് അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിന്റെ ഉദ്ദേശം. മാധ്യമങ്ങളിലെ റിപ്പോർട്ടുകൾ, ലേഖനങ്ങൾ ചർച്ചകൾ എന്നിവ ഇതിന്നുദ്ദേശിച്ചുള്ളതാണ്. ജനങ്ങൾക്ക് പകരം വയ്ക്കാനുള്ളതല്ല നേതാക്കന്മാർ. ജനങ്ങൾക്കു പകരം നേതാക്കന്മാർ വരുമ്പോൾ അവർ വശീകരണ ശക്തിയായി മാറുന്നു.

ജനലക്ഷങ്ങൾക്കു പകരം നേതാക്കന്മാർ വരുമ്പോഴാണ് മിശിഹാനിസം വരുന്നത്. വമ്പിച്ച പൊതുയോഗങ്ങളിൽ ജനങ്ങൾ പങ്കെടുക്കുന്നുണ്ടാകാം. അവർ ആവശ്യപ്പെടുന്നത് ജനങ്ങൾ പിന്താങ്ങിയെന്നും വരാം. മിശിഹായുടെ പ്രവർത്തനങ്ങളിൽ അവർപങ്കാളിയായെന്നും വരാം. ഉദാഹരണത്തിന്ന് രാംലീലാ മൈതാനത്ത് ജനങ്ങൾ സമ്മേളിക്കുമ്പോൾ അവരെ ഉദ്ബുദ്ധരാക്കാനല്ല ആ അവസരം ഉപയോഗപ്പെടുത്തുന്നത്. നേരെമറിച്ച് ജനപ്രതിനിധികളുടെ മനോഭാവം മാറ്റുന്നതിന്നാണ്. ഇന്ദിരാഗാന്ധി ഇന്ത്യയും ഇന്ത്യ ഇന്ദിരയുമാണെന്നു പറഞ്ഞതുപോലെ ഹസാരെ എന്നാൽ ഇന്ത്യയും ഇന്ത്യയെന്നാൽ ഹസാരെയുമാക്കാനും ഒരു ശ്രമം നടന്നു. സമ്മേളനവേദി ചർച്ചകൾക്കും സംവാദങ്ങൾക്കുമുള്ള ഒരു സ്ഥലമായിരുന്നുവെങ്കിൽ സ്ഥിതി വ്യത്യസ്ഥമാകുമായിരുന്നു. എന്നാൽ അങ്ങനെ സംഭവിച്ചില്ല. മിശിഹാനിസത്തിന്റെ ഒരു വേദിയായി മാറി.

ഇന്ത്യയിൽ പരമ്പരാഗത രാഷ്ട്രീയ പ്രവർത്തനം ഉദ്ബുദ്ധമായ പ്രസംഗങ്ങളുടേതായിരുന്നു. ഇപ്പോൾ ബംഗ്ലാദേശമായി അറിയപ്പെടുന്ന പ്രദേശത്തെ കർഷക നേതാവായിരുന്ന മൗലാനാ ബാഷാനി ഉഗ്രൻ പ്രാസംഗികനായിരുന്നു. ജനങ്ങൾ ഭക്ഷണത്തിന്നു പോകുമ്പോഴേ അദ്ദേഹം പ്രസംഗം നിർത്താറുള്ളൂ. ജനങ്ങൾ ഭക്ഷണം കഴിച്ച് എത്തുമ്പോൾ അദ്ദേഹം പ്രസംഗം പുനരാരംഭിക്കുമായിരുന്നു. ജ്യോതിബസുവിനെപ്പോലുള്ളവരുടെ അതുല്യമായ പ്രഭാഷണങ്ങൾ ഞാൻതന്നെ കേട്ടി





ട്ടുണ്ട്. പ്രസംഗങ്ങൾ അടിസ്ഥാനപരമായ കാര്യങ്ങളെപ്പറ്റിയാകുമായിരുന്നു. ധാരാളം വിജ്ഞാനം പകരുന്ന ഈ പ്രസംഗങ്ങൾ പ്രതിയോഗികൾ പറയുന്നവയെ ഖണ്ഡിക്കാൻ മതിയാകുന്നവയായിരുന്നു. അതുകൊണ്ടുതന്നെ സംവാദത്തെ മുനനോട്ടു കൊണ്ടുപോകുന്നവയായിരുന്നു. തന്മൂലം അവ ജനാധിപത്യപരവുമായിരുന്നു.

മിശിഹാനിക് രാഷ്ട്രീയ പ്രവർത്തനം അങ്ങനെയൊന്നും ചെയ്യുന്നില്ല. പ്രേക്ഷകർക്കു മാത്രമല്ല ടെലിവിഷൻ ക്യാമറകൾക്കും അവ ചില ദൃശ്യങ്ങൾ കാഴ്ചവയ്ക്കുകയേ ചെയ്യുന്നുള്ളൂ. ജനലോകപാൽ ബില്ലാണോ നല്ലത്, അതിന് RSS ബന്ധമുണ്ടോ എന്നിവയൊന്നും ഇവിടെ പ്രസക്തമല്ല. ഇതൊക്കെ പ്രധാനമാണെങ്കിലും ഞാനിവിടെ അവതരിപ്പിക്കുന്ന കാര്യവുമായി അതൊന്നും ബന്ധപ്പെട്ടതല്ല. പ്രശ്നങ്ങളൊക്കെ ഹസാരേക്കു വിടൂ എന്ന മനോഭാവത്തെയാണ് ഞാൻ എതിർക്കുന്നത്. ഹിന്ദി സിനിമകളിൽ കാണുന്നതുപോലെ പ്രശ്നങ്ങളെല്ലാം നായകൻ ഒറ്റക്ക് കൈകാര്യം ചെയ്യും നിങ്ങൾ ഹസാരെയുടെ പിന്നിൽ അണിനിരന്നാൽ മതി എന്ന മനോഭാവത്തെയാണിവിടെ എതിർക്കുന്നത്.

ഈ അഴിമതി പ്രശ്നം കൈകാര്യം ചെയ്തുകഴിഞ്ഞാൽ, തൻഭൂനയ പരിഷ്കാരപ്രശ്നവും വൻകിട കമ്പനിക്കാരുടെ ഭൂമി കയ്യേറ്റ പ്രശ്നവും വിദ്യാഭ്യാസ കച്ചവടവുമെല്ലാം താൻ കയ്യേൽക്കുമെന്ന് അന്നാ ടീം പറയുമ്പോൾ ശേഖർ കപൂറിന്റെ "മിസ്റ്റർ ഇന്ത്യ" അവതരിച്ചു കഴിഞ്ഞുവെന്ന ചിന്തയാണ് ഒരാൾക്കുണ്ടാകുക. പ്രശ്നം അതല്ല. മിസ്റ്റർ ഇന്ത്യ എന്നത് ജനാധിപത്യത്തിന്റെ നിഷേധമാകുന്നതാണ് പ്രശ്നം. മിസ്റ്റർ ഇന്ത്യയെ ആശ്രയിക്കുക എന്നതിന്റെ അർത്ഥം "അഭ്യുത്ഥാന അധർമ്മസ്യ തദാത്മാനാം സൃജാവ്യഹം" എന്നു പറയുന്നതുപോലെ തിന്മയെ നശിപ്പിക്കാൻ പുതിയൊരവതാരമുണ്ടാകുന്നു എന്നതാണ്. അശക്തി സമ്മതിക്കുന്നുവെന്നു മാത്രമല്ല ജനങ്ങളുടെ അശക്തിയുടെ വലുപ്പം സമ്മതിക്കൽകൂടിയാണ്.

മിശിഹാസം എന്നത് മൗലികമായിത്തന്നെ ജനാധിപത്യ വിരുദ്ധമാണ്. ജനങ്ങൾ ഒന്നിനും കഴിവില്ലാത്തവരാണെന്ന് സമ്മതിക്കലാണത്. ഹസാരെ "ജനങ്ങൾ" എന്ന വാക്ക് ഉപയോഗിക്കുന്നത് "ഞാൻ" എന്നു പറയുന്നതിന് ബദലായിട്ടാണ്. ഹസാരെ തയ്യാറാക്കിയ ബില്ലിന് "ജനങ്ങളുടെ ബിൽ" എന്നാണദ്ദേഹം പറയുന്നത്. സ്വന്തം അഭിപ്രായങ്ങളെ ജനങ്ങളുടെ അഭിപ്രായമായി അദ്ദേഹം അവതരിപ്പിക്കുന്നു. ഇവിടെ മിശിഹാനിസത്തെ അദ്ദേഹം ജനാധിപത്യമാക്കുന്നു. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരാളല്ല മിശിഹ എന്നതോ പോകട്ടെ, ജനാധിപത്യത്തിൽ ജനങ്ങൾക്ക് പകരമായി വയക്കാവുന്ന ആരുമില്ല.

ഇത് ഹസാരെ ഗ്രൂപ്പിന്റെ ചാഞ്ചാട്ടത്തേയും കാണിക്കുന്നു. ഹസാരെയെ ജനങ്ങൾക്ക് പകരമാക്കാമെങ്കിൽ, അദ്ദേഹം തയ്യാറാക്കിയ അഴിമതി നിരോധന ബിൽ ജനകീയ ബിൽ ആക്കണം. പാർലിമെന്ററി കമ്മിറ്റി രൂപം നൽകിയേക്കാവുന്ന ബില്ലിനേക്കാൾ ഉപരിയാകണം ഇത്. പാർലിമെന്റിന്റെ പരമാധികാരമെന്നത് ഹസാരെയുടെ പരമാധികാരമാകണം. ഹസാരെ ഗ്രൂപ്പിലെ അംഗങ്ങൾ ദീർഘകാലമായി ജനകീയ പ്രശനങ്ങൾ കൈകാര്യം ചെയ്യുന്നവരാണ്. അവർക്ക് ഹസാരെയെ "ജനങ്ങൾ" ആയി അംഗീകരിക്കാൻ വിഷമം തോന്നും. ❑

# കൂടംകുളത്തെ വനിതകൾ അബ്ദുൾ കലാമിനെയും മൻമോഹൻ സിങ്ങിനെയും നിഷ്പ്രഭരാക്കുന്നു

**- അഡ്വ. ജോർജ് പുലികുത്തിയിൽ -**

*കൂടംകുളത്ത് ഇപ്പോൾ നടന്നുവരുന്നത് ആണവ വിരുദ്ധ സമരങ്ങളുടെ മൂന്നാം ഘട്ടമാണ്. മൂന്നാം ഘട്ടത്തിൽ മുപ്പതാം നാളിൽ സമരപ്പോരാളികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഉപവാസത്തിൽ പങ്കു ചേരാൻ എത്തിയ ജനനീതി സംഘത്തിന്റെ നേരനുഭവങ്ങളാണ് ഇവിടെ കുറിക്കുന്നത്.*

**കൂ**ടംകുളത്ത് എത്താൻ വൈകിയെന്ന ജാള്യതയുമായാണ് എട്ടുപേരടങ്ങിയ ഞങ്ങളുടെ സംഘം 2011 നവംബർ 16ന്ന് രാവിലെ 8 മണിക്ക് ഇടിന്തക്കരൈ സെന്റ് ലൂർദ്ദ് ദേവാലയ അങ്കണത്തിലെ സമരപ്പന്തലിൽ എത്തുന്നത്. സമരത്തിന് സൈദ്ധാന്തിക നേതൃത്വം നൽകുന്ന ഡോ. എസ്.പി. ഉദയകുമാർ, ഡോ. വി.ടി. പത്മനാഭൻ, ശ്രീ പുഷ്പരായൻ എന്നിവരുമായി ഹ്രസ്വമായ സംസാരത്തിന് ശേഷമാണ് സമരപ്പന്തലിൽ ഞങ്ങൾ എത്തിയത്.

സമരത്തിന്റെ മൂന്നാം ഘട്ടത്തിൽ ഏകദിന ഉപവാസ സമരങ്ങളാണ് നടന്നുവരുന്നത്. ഓരോ ദിവസത്തെയും സമരത്തിന്റെ ഉത്തരവാദിത്തം ഓരോ ഗ്രാമത്തിൽനിന്നും എത്തുന്ന അഞ്ഞൂറിൽ കുറയാത്ത ഒരു സംഘമാളുകൾക്കാണ്. കൂടാതെ നൂറിലധികം പരിസരവാസികൾ സമരക്കാർക്ക് പിന്തുണയുമായി സമീപത്തുണ്ട്. അടുത്തുള്ള പ്രൈമറി സ്കൂളിലെ പിഞ്ചോമനകൾ ഉച്ചഭക്ഷണത്തിന്റെ ഇടവേളയിൽ പന്തലിലെത്തി ആണവ ഭീകരതക്കെതിരെ മലയാളം, തമിഴ്, കന്നഡ, മറാത്തി ഭാഷകളിൽ മുദ്രാവാക്യം മുഴക്കുന്നു. സഹപാഠികളുടെ ശബ്ദം മൈക്കിലൂടെ മുഴങ്ങിയപ്പോൾ, മുറ്റത്തും പരിസരത്തും കളിച്ചുകൊണ്ടിരുന്ന മുഴുവൻ കുട്ടികളും ഓടിയെത്തിയത് വലിയൊരു കാഴ്ചയായിരുന്നു.

ഈ സമരം പരാജയപ്പെടില്ല. ഉറപ്പാണ്. പ്രധാന കാരണം സമരത്തിന്റെ നിയന്ത്രണം രാഷ്ട്രീയക്കാരുടേയോ, മതമൗലിക വാദികളുടെയോ, ബുദ്ധിജീവികളുടെയോ, എൻ.ജി.ഒ. കളുടെയോ കയ്യിലല്ല എന്നതാണ്. ആണവ വിപത്തിനെക്കുറിച്ച് വാചാലമായി സംസാരിക്കാൻ കഴിയുന്ന സാധാരണക്കാരായ മനുഷ്യരുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് സമരം നടക്കുന്നത്. അതിൽ വനിതകളുടെ പങ്കാളിത്തം സവിശേഷ ശ്രദ്ധയർഹിക്കുന്നു. ആണവ പദ്ധതിയെ വാഴ്ത്തിക്കൊണ്ടും പ്രതിരോധ സമരക്കാർക്കെതിരെ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ നിരത്തിയും രംഗത്തുവന്ന പ്രധാനമന്ത്രി മൻമോഹൻസിങ്, മുൻ പ്രസിഡന്റ് അബ്ദുൾകലാം, പുതുച്ചേരി എം.പി.യും മന്ത്രിയുമായ വി. നാരായണ സ്വാമി എന്നിവർക്ക് വനിതകൾ നൽകുന്ന മറുപടി കേട്ട് അക്ഷരാർത്ഥത്തിൽ ഞങ്ങൾ അമ്പരന്നു. സമരക്കാരുടെ സാമ്പത്തിക സ്രോതസ് അന്വേഷിക്കണമെന്നാണ് പ്രധാനമന്ത്രിയുടെ ഓഫീസിന്റെ ചുമതലയുള്ള മന്ത്രി നാരായണസ്വാമി ആവശ്യപ്പെട്ടത്. സമരക്കാർ ആ വെല്ലുവിളി ഏറ്റെടുക്കുന്നു. അതോടൊപ്പം അവർ ഒന്നുകൂടി ആവശ്യപ്പെടുന്നു. കൂടംകുളം പദ്ധതിയുടെ മുഴുവൻ കണക്കുകളും സർക്കാർ വെളിപ്പെടുത്തണം. പദ്ധതിയുമായി ബന്ധപ്പെട്ട രാഷ്ട്രീയക്കാരെയും ഉദ്യോഗസ്ഥ പ്രഭുക്കളെയും ഇത് വല്ലാതെ അസ്വസ്ഥരാക്കിയിട്ടുണ്ട്.



കൂടംകുളത്ത് നടന്നുവരുന്ന ആണവ വിരുദ്ധ സമരത്തിന്റെ ഒരു ദൃശ്യം

സമരക്കാർക്കെതിരെ നാല്പതിലധികം കേസുകൾ ഇതിനകം പോലീസ് എടുത്തിട്ടുണ്ട്. പക്ഷെ സമരത്തിന് ജനങ്ങളുടെ വർദ്ധിച്ച പിന്തുണയും സർവ്വനാശത്തെക്കുറിച്ചുള്ള ജനങ്ങളുടെ ആശകളും മുഖ്യമന്ത്രി ജയലളിതയെ ഭയപ്പെടുത്തുന്നതിനാൽ അറസ്റ്റ് ഇതുവരെയും നടന്നിട്ടില്ല. എങ്കിലും, കേന്ദ്ര സർക്കാർ പങ്കാളിത്തം ഉറപ്പാകയാൽ അനധികൃത സ്വത്തിന്റെ പേരിൽ ജയലളിതയ്ക്കെതിരായ കേസുകൾ പിൻവലിക്കപ്പെടുമെങ്കിൽ അറസ്റ്റും ബലപ്രയോഗവും ജയലളിത പ്രയോഗിക്കാനിടയുണ്ട്. ബംഗാളിൽ മമത ബാനർജി ഉടക്കി നിൽക്കുന്ന രാഷ്ട്രീയ സാഹചര്യത്തിൽ ഇതിന് സാധ്യതയേറെയുണ്ട്. പക്ഷെ നിലവിലുള്ള സാഹചര്യം വിലയിരുത്തുമ്പോൾ അറസ്റ്റ്, വെടിവയ്പ് പോലുള്ള മാർഗ്ഗങ്ങൾ മൻമോഹൻ സിങ് സർക്കാരിന്റെ അന്ത്യത്തെ ക്ഷണിച്ചുവരുത്തുകയാവും ഫലത്തിൽ.

വിസ്മരിച്ചു കൂടാത്തൊരു കാര്യം കൂടി സൂചിപ്പിക്കട്ടെ. കത്തോലിക്കാ സഭയും സ്ഥാപനങ്ങളും ജനങ്ങളിൽനിന്നകലുകയും സമ്പന്ന താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുകയും ചെയ്യുന്നുവെന്ന ശക്തമായ ആക്ഷേപം നിലനിൽക്കുമ്പോഴാണ് ഇടിന്തരക്കരൈ സെന്റ് ലൂർദ്ദ് കത്തോലിക്കാ ദേവാലയവും പരിസരവും ജാതിമത വ്യത്യാസമൊന്നുമില്ലാതെ മുഴുവൻ ജനങ്ങൾക്കുമായി തുറന്നിട്ടിരിക്കുന്നത്. സഭയ്ക്കൊപ്പമാണ് ജനം എന്ന തെറ്റായ കാഴ്ചപ്പാടുകളെ തിരുത്തിക്കൊണ്ട്, ജനത്തോടൊപ്പമാകണം സഭയും എന്ന ക്രിസ്തുദർശനം ഉൾക്കൊള്ളാൻ ബിഷപ് യുവോൻ അംബ്രോസും വികാരി ഫാ. ജയകുമാറും തയ്യാറായി. സമ്മർദ്ദം എത്രമേൽ വർദ്ധിച്ചാലും മറിച്ചൊരു തീരുമാനം എടുക്കാൻ കഴിയാത്ത നിലയിൽ എല്ലാറ്റിന്റെയും മേലുള്ള നിയന്ത്രണം ജനങ്ങളുടെ കരങ്ങളിലായി എന്നതും ശ്രദ്ധേയമാണ്. ആണവ വികിരണത്തിന്ന് ജാതിമത ഭാഷാ അതിർത്തികളില്ല എന്ന തിരിച്ചറിവ് ജനം ആർജ്ജിച്ചു കഴിഞ്ഞു.

ഫാ. ജോൺ കവലക്കാട്ട്, ഫാ. ജേക്കബ്ബ് തച്ചറാട്ടിൽ, ആന്റണി തെക്കിനിയത്ത്, സെബാസ്റ്റ്യൻ കെ. ജോസ്, ജോസഫ് ജോൺ, ആനന്ദ്, ജോർജ് പുലികുത്തിയേൽ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. ❏

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-11-2011

## മരുന്നു പരീക്ഷണങ്ങളിലെ സമ്മത ഉടമ്പടി:
# മാനദണ്ഡങ്ങൾ

■ സമ്മത ഉടമ്പടിക്കുമുമ്പ് അന്വേഷകൻ പങ്കാളിയെ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെടുത്തണം.

1) എന്തുകൊണ്ട് പരീക്ഷണത്തിന് അയാൾ തികച്ചും യോഗ്യനാ(യാ)കുന്നു.

2) പൂർണ്ണ സ്വാതന്ത്ര്യത്തോടും, നിർഭയമായും സ്വമേധയാ കൈക്കൊള്ളുന്ന തീരുമാനമാകണം സമ്മത ഉടമ്പടി.

3. എപ്പോൾ വേണമെങ്കിലും സമ്മതം പിൻവലിക്കാം. പരീക്ഷണത്തിൽനിന്നും പിന്മാറാം. അതിന്റെ പേരിൽ പ്രതികാര നടപടികളോ ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങളിൽ മാറ്റമോ സംഭവിക്കില്ല.

4. പരീക്ഷണവും ചികിത്സയും എപ്രകാരം ഭിന്നമായിരിക്കുന്നു, പരീക്ഷണത്തിന്റെ ഉദ്ദേശ്യങ്ങൾ, നടപടി ക്രമങ്ങൾ, പ്രത്യാഘാതങ്ങൾ - എന്തൊക്കെ?

5. പരീക്ഷണത്തിന്ന് വേണ്ടിവരുന്ന സമയദൈർഘ്യം?

6. പണമായോ, സാധനങ്ങളായോ, സേവനങ്ങളായോ എന്തെങ്കിലും പ്രതിഫലം പ്രതീക്ഷിക്കാമോ? എന്ത്? എത്രത്തോളം?

7. പരീക്ഷണത്തിന്നിടയിൽ എന്തെങ്കിലും പരിശോധനകൾ വേണ്ടി വരുമോ? എന്തെല്ലാം?

8. പരീക്ഷണഫലമായി പങ്കാളിക്കും വൈദ്യശാസ്ത്രത്തിനും ലഭിക്കാവുന്ന നേട്ടങ്ങൾ?

9. നഷ്ടപരിഹാരം സംബന്ധിച്ച വ്യവസ്ഥകൾ/നയങ്ങൾ?

10. അപകടങ്ങൾ സംഭവിച്ചാൽ ലഭിക്കുന്ന ചികിത്സകൾ?

11. മരുന്നു മാർക്കറ്റ് ചെയ്യപ്പെടുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക നേട്ടങ്ങളിൽ പങ്കാളിക്ക് എന്തെങ്കിലും ഓഹരിയുണ്ടോ?

12. പരീക്ഷണത്തിൽനിന്ന് പിന്മാറേണ്ടിവന്നാൽ അതിനുള്ള അവകാശം.

13. നൈതിക സമിതിയദ്ധ്യക്ഷന്റെയും അംഗങ്ങളുടെയും പേരും മേൽവിലാസവും ഫോൺ നമ്പറുകളും. ❏

Printed and published by : Dr. George Mathen for Niyama Samskara Kendram, Jananeethi, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709

**വരിസംഖ്യ:** വാർഷികം – 100 ക., ആയുഷ്കാലം – 1000 ക.